കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./ പി6/956/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 02/11/2024
ഇ-മെയിൽ:
doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-36 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./ പി6/956/2024 തീയ്യതി: 02/11/2024

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-10-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.മിനു പി.കെ.	ഡെപ്യൂട്ടി ഡയറക്ടർ	02-09-2024	07-09-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
02-09-2024	07-09-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി.എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ

ശ്രീ. ജിബി. ഇ.വി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. സാമുവൽ രാജ് ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ലേഖ ത്യാഗരാജൻ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. അജികുമാർ എ.വി.	സെക്രട്ടറി	01-04-2023	14-07-2023
ശ്രീ സുനിൽ സെബാസ്റ്റ്യൻ	സെക്രട്ടറി	15-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ജോസഫ് തോമസ്	അസി. എഞ്ചിനിയർ	01-04-2023	31-03-2024
ശ്രീമതി കെ. ജി. മഞ്ജുഷ	അസി.സെക്രട്ടറി	01-04-2023	31-03-2024
ഡോ. പ്രശാന്ത് വി കെ	മെഡിക്കൽ ഓഫിസർ (പി.എച്ച്.സി)	01-04-2023	06-07-2023
ഡോ. വിഷ്ണു മോഹൻ	മെഡിക്കൽ ഓഫിസർ (പി.എച്ച്.സി)	07-07-2023	31-03-2024
ഡോ. മീരാദേവി ആർ	മെഡിക്കൽ ഓഫിസർ (ആയുർവേദം)	01-04-2023	31-03-2024
ശ്രീ ബിനാഷ് തോമസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-05-2023
ശ്രീ. റജികുമാർ എ.സി.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-06-2023	13-08-2023
ശ്രീമതി സൗമ്യ റെയ്ച്ചൽ	ഡയറി ഫാം ഇൻസ്ട്രക്ടർ	14-08-2023	31-03-2024
ശ്രീ വരുൺകുമാർ എ.വി	കൃഷി ഓഫീസർ	01-04-2023	23-06-2023
ശ്രീ. നിഥിൻ കുമാർ എസ്.	കൃഷി ഓഫീസർ	24-06-2023	04-08-2023
ശ്രീമതി ബോൺസി ജോസഫ്	കൃഷി ഓഫീസർ	05-08-2023	13-09-2024
ശ്രീമതി ഡെല്ല തോമസ്	കൃഷി ഓഫീസർ	14-09-2023	13-03-2024
ശ്രീമതി ബോൺസി ജോസഫ്	കൃഷി ഓഫീസർ	14-03-2024	31-03-2024
ശ്രീമതി മഞ്ജു തോമസ്	ഐ.സി.ഡി.എസ്.	01-04-2023	31-03-2024

	സൂപ്പർവൈസർ		
ഡോ. ദിനകരൻ കെ.	വെറ്ററിനറി സർജൻ	01-04-2023	31-01-2024
ഡോ. പാർത്ഥിപൻ പി.	വെറ്ററിനറി സർജൻ	01-02-2024	04-03-2024
ഡോ. അരുൺ പ്രസാദ്	വെറ്ററിനറി സർജൻ	05-03-2024	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല - ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല	1-1-2
4	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-3
5	വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-4
6	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകളില്ല.	1-1-5
7	ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല	1-1-6
8	ലൈഫ് ഭവന വായ്പ വരവ് വാർഷികകണക്കിൽ രണ്ട് അക്കൗണ്ട് ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നു	1-1-7
9	വിവാഹ ധന സഹായം - വരവ്-ചെലവ് തുകയിൽ വ്യത്യാസം	1-1-8
10	സ്ഥിര നിക്ഷേപം - സർട്ടിഫിക്കറ്റുകൾ ലഭ്യമല്ല.	1-1-9
11	ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമല്ല.	1-1-10
12	നിക്ഷേപ പ്രവർത്തികൾക്കായി നൽകിയ തുകയുടെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.	1-1-11
13	കാലഹരണപ്പെട്ട ഋണശീർഷ വരവുകൾ ക്രമീകരിക്കാത്തത്	1-1-12
14	ഡിപ്രീസിയേഷൻ തുക ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ കൂടുതലാണ്	1-1-13
15	HUDCO വായ്പയുടെ നീക്കിയിരിപ്പ് B-4 പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-14
16	CFC, ജലനിധി ഇനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ B-4, B-17 പത്രികകളിൽ വ്യത്യാസം വന്നിട്ടുണ്ട്.	1-1-15
17	ബജറ്റ്	1-2
18	ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - ₹1279971/- ലാപ്സായി	1-3-1
19	സ്രോതസിൽനിന്ന് കുറവു ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയില്ല.	1-3-2
20	ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്താത്തത്.	1-3-3
21	ഗ്രാന്റ് വിനിയോഗം	1-3
22	പദ്ധതി അവലോകനം	1-4
23	തൊഴിലുറപ്പ് പദ്ധതി	1-5

24	ക്ഷേമ പദ്ധതികൾ	1-6
25	ക്യാഷ് ബാലൻസ് പരിശോധന	1-7
26	ആഭ്യന്തര നിയന്ത്രണം	1-8
27	ട്രേഡർമാരുടെ ലൈസൻസ് /തൊഴിൽ നികുതി-വാർഡ് അടിസ്ഥാനത്തിലുള്ള ഡിമാന്റ് വിവരങ്ങൾ ലഭ്യമല്ല	1-9
28	തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് ഉണ്ടോയെന്ന് ഉറപ്പാക്കിയില്ല	1-10
29	ഐ.എൽ.ജി.എം.എസ് മുഖേന രസീതുകൾ ക്യാൻസൽ ചെയ്തത് അപ്രൂവ് ചെയ്യുന്നതിൽ കാലതാമസം	1-11
30	ചെക്കുകൾ ബാങ്കിൽ വരവ് വരാൻ അവശേഷിക്കുന്നു	1-12
31	വിനോദ നികുതി ഈടാക്കുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്	1-13
32	വസ്തുനികുതിയിൽ കുടിശ്ശിക	1-14-1
33	01/04/2023 ന് ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല	1-14-2
34	തറ വിസ്തീർണ്ണം പരിഗണിക്കാതെ നികുതി നിർണ്ണയിച്ചു	1-14-3
35	വസ്തു നികുതി പരിഷ്കരണം-മേഖല തരം തിരിക്കൽ, വിവരശേഖരണം, ഡാറ്റാ എൻട്രി നടപടികൾ പൂർത്തിയായില്ല	1-14-4
36	ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടകയിൽ കുടിശിക	1-15
37	ലേലത്തുക പൂർണമായി ഈടാക്കിയിട്ടില്ല	1-16
38	അധികമേൽക്കൂര പെർമിറ്റ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല	1-17
39	സിന്തറ്റിക് ട്രാക്ക് സ്റ്റേഡിയം - ഫീസ് പിരിവിലെ അപാകത	1-18
40	നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചില്ല.	1-19
41	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.	1-20
42	മുട്ടക്കോഴി വിതരണം - അധികരിച്ച് സബ്സിഡി നൽകി - നഷ്ടം ₹25950/-	1-21
43	ഭവനപുനരുദ്ധാരണം തുക കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല	1-22
44	ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ	1-23
45	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നടപ്പാക്കിയ പദ്ധതിയുടെ ഫയൽ ഹാജരാക്കിയില്ല - തടസ്സം-₹602627/-	1-24
46	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ, വയോരക്ഷാ എന്നീ പദ്ധതികളിൽ - അപാകതകൾ	1-25
47	റോഡ് പ്രവൃത്തികളിൽ പൊട്ടിച്ചെടുത്ത കരിങ്കല്ല് ലേലം ചെയ്തിട്ടില്ല	1-26
48	മൈനർസിറ്റി കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് (201/23-24) ടോയ്‌ലറ്റ്	1-27

	സമുച്ചയം പ്രവർത്തനക്ഷമമാക്കിയിട്ടില്ല	
49	മരാമത്ത് മേഖലയിൽ പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയില്ല- വകയിരുത്തിയ ഫണ്ടിൽ വൻ തുക ലാപ്സായി	1-28
50	മരാമത്ത് പ്രവൃത്തി - കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയില്ല.	1-29
51	ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല	1-30
52	മഴക്കാലപൂർവ്വ ശുചീകരണത്തിനായി ₹739260/- ക്രമവിരുദ്ധമായി ചെലവഴിച്ചു.	1-31
53	ബേഡ്മെട്ട് മാലിന്യ പ്ലാന്റിൽ മാലിന്യം നീക്കം ചെയ്യുന്നതിന് നടപടിക്രമം പാലിക്കാതെ പണം ചെലവഴിച്ചിരിക്കുന്നു.	1-32
54	തെരുവ് വിളക്കുകൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കാതെ വൈദ്യുതി ചാർജ് ഒടുക്കുന്നു	1-33
55	ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് കുടിശ്ശിക തുക അനുവദിച്ചതിൽ അവ്യക്തത	1-34
56	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല.	1-35
57	മാലിന്യ പ്ലാന്റിൽ അഗ്നിസുരക്ഷാ സംവിധാനം ഒരുക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-36
58	ക്രിമറ്റോറിയം തുക നൽകൽ- ആസ്തി സംരക്ഷണത്തിലെ അപാകത	1-37
59	B-17 പത്രികയിലെ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്തത്.	1-38
60	വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ	1-39
	ഭാഗം **2**	
	--- No Records Found ---	
	ഭാഗം **3**	
1	മുട്ടക്കോഴി വിതരണം - സബ്സിഡി മാർഗരേഖയിൽ അധികരിച്ച് സബ്സിഡി നൽകി - നഷ്ടം ₹25950/-	3-1
2	മാലിന്യ പ്ലാന്റിൽ അഗ്നിസുരക്ഷാ സംവിധാനം ഒരുക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ	3-2
	ഭാഗം **4**	
1	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ-വായ്പ തിരിച്ചടവ്	4-4

5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി -	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15.06.2024 ലെ 1(i) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 18.06.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) C And AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക്

വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി. നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 02.11.2024 ഇടുക്കി

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011- ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2) (ഇ) (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല - ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

സിംഗിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള ആസ്തിയുടെ മൂല്യശോഷണ കണക്കുകൾ കൃത്യമല്ല.

1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1450040/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹(-)145723/- ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട്

തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-4 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം ജേണലിലൂടെ ക്രമീകരണങ്ങൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

1-1-5 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകളില്ല.

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ I-18 Prior Period Expenditure പത്രികയിൽ ചെലവ് ഇനത്തിൽ 7,691,731.00 I-19 Prior Period Income പത്രികയിൽ വരവ് ഇനത്തിൽ 182,429.00 രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകകൾക്കും I-17A പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള ഡിപ്രീസിയേഷൻ തുടങ്ങിയവയ്ക്ക് ഉപോൽബലകമായി അംഗീകരിക്കപ്പെട്ട ജേർണ്ണൽ വൌച്ചറുകളോ വർക്ക് ഷീറ്റുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

1-1-6 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ സുലേഖ ചെലവ് പത്രിക, ഗ്രാന്റ് പത്രിക എന്നിവ പ്രകാരം ₹9222879/- ചെവലുണ്ട്. എന്നാൽ വാർഷികകണക്കിൽ ഈ ചെവല് ഉൾപ്പെടുത്തിയില്ല. മാത്രമല്ല വരവ് തുകകളിലും താഴെപറയും പ്രകാരം വ്യത്യാസങ്ങളുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	പത്രിക	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
320200104 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	വാർഷിക ധനകാര്യ പത്രിക	5066728	10703984	15770712	0	15770712
	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്	0	6031000	6031000	5425702	605298
320200113 - ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	വാർഷിക ധനകാര്യ പത്രിക	6259482	0	6259482	0	6259482
	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്	0	4523500	4523500	3797177	726323

1-1-7 ലൈഫ് ഭവന വായ്പ വരവ് വാർഷികകണക്കിൽ രണ്ട് അക്കൗണ്ട് ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നു

തൻവർഷം ലൈഫ് ഭവന പദ്ധതികൾക്കായി KURDFC-യിൽ നിന്നും ₹6063248/- വായ്പയെടുത്തതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക RP-31-ൽ KURDFC വായ്പ എന്ന

അക്കൗണ്ട് ഹെഡിൽ (330500201) 3,393,968.00, HUDCO വായ്പ എന്ന ഹെഡിൽ (330500202) 2,669,280.00 ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷ കണക്കുകൾ വായ്പ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-8 വിവാഹ ധന സഹായം - വരവ്-ചെലവ് തുകയിൽ വ്യത്യാസം

പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലുകൾ പ്രകാരം 2023-24 വർഷത്തിൽ സാധുക്കളായ വിധവകളുടെ വിവാഹ ധനസഹായം എന്ന ഇനത്തിൽ ആകെ 150000/- ആണ് നൽകിയിട്ടുള്ളത് എന്ന് കാണുന്നു. എന്നാൽ വാർഷിക പത്രികയിലെ I-6 ൽ (160100739 State Sponsored Schemes- Financial Help For Widow'S Daughters Marriage) 300000/- വരവും I-14(D) യിൽ (254200108) 300,000.00 ചെലവുമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ തുകകൾ രേഖപ്പെടുത്തിയതിൽ വന്ന തെറ്റാണ് എന്ന് അറിയിച്ചിട്ടുണ്ട്.

1-1-9 സ്ഥിര നിക്ഷേപം - സർട്ടിഫിക്കറ്റുകൾ ലഭ്യമല്ല.

വാർഷികകണക്കിലെ B-12 പത്രിക (420700101) പ്രകാരം സ്ഥിര നിക്ഷേപമിനത്തിൽ ആകെ 24005396/- നീക്കിയിരിപ്പുണ്ട്. എന്നാൽ ഇതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ എല്ലാ നിക്ഷേപ സർട്ടിഫിക്കറ്റുകളും ലഭ്യമല്ല. വിശദവിവരങ്ങൾ ഖണ്ഡിക 4-5 ൽ കാണുക.

1-1-10 ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമല്ല.

വാർഷിക ധനകാര്യ പത്രികയിലെ ബി-17 – ൽ ബാങ്ക് അക്കൗണ്ടുകളുടെ പത്രികയിൽ ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങളിൽ Co-Operative Bank Account Of Own Revenue Fund എന്ന അക്കൗണ്ടിൽ 332,074.00 നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ അക്കൌണ്ടിന്റെ പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ്, റീക്കൺസിലേഷൻ വിവരങ്ങൾ ലഭ്യമല്ല. പ്രസ്തുത അക്കൗണ്ട് വിവരം ILGMS -ൽ ബാങ്ക് ബുക്കിൽ ലഭ്യമല്ല.

1-1-11 നിക്ഷേപ പ്രവർത്തികൾക്കായി നൽകിയ തുകയുടെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.

തൻവർഷം രണ്ട് നിക്ഷേപ പ്രവൃത്തികൾക്കായി ₹780534/- നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ തുക ബാലൻസ് ഷീറ്റിൽ മുൻകൂർ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി വിവരങ്ങൾ ഖണ്ഡിക 1-19-ൽ കൊടുക്കുന്നു.

1-1-12 കാലഹരണപ്പെട്ട ഋണശീർഷ വരവുകൾ ക്രമീകരിക്കാത്തത്

കാലഹരണപ്പെട്ട നികുതിയായ വാറ്റ് (350200202)ൽ ഉൾപ്പെടുത്തിയിട്ടുള്ള ₹65449/- പ്രളയദുരിതാശ്വാസം (35300111) 780/- എന്നിവ അതാത് ഹെഡിൽ ഒടുക്കു വരുത്തി വാർഷിക കണക്ക് കൃത്യമാക്കേണ്ടതാണ്.

1-1-13 ഡിപ്രീസിയേഷൻ തുക ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ കൂടുതലാണ്

വാർഷിക കണക്കിലെ B-11 ൽ ഫിക്സഡ് അസറ്റ് (410800101) 14412781/- ആകുന്നു. എന്നാൽ B-11(a) യിൽ ഫിക്സഡ് അസറ്റ് ഡിപ്രിസിയേഷൻ 15042748/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആസ്തി മൂല്യത്തേക്കാൾ ഡിപ്രിസിയേഷൻ അധികരിക്കുന്നു. ഡിപ്രിസിയേഷൻ കണക്കാക്കിയ രേഖകൾ ലഭ്യമല്ല.

1-1-14 HUDCO വായ്പയുടെ നീക്കിയിരിപ്പ് B-4 പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബാലൻസ് ഷീറ്റിലെ B-17 പത്രികയിൽ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള HUDCO വായ്പയുടെ ബാങ്ക് അക്കൌണ്ടിൽ (SBI -HUDCO 562) 946554/- നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ഈ തുക ബാലൻസ് ഷീറ്റിലെ B-4 പത്രികയിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. ബാധ്യത ഹെഡിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകയുടെ വരവ് ചെലവ് വിവരങ്ങളും ലഭ്യമായിട്ടില്ല.

1-1-15 CFC, ജലനിധി ഇനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ B-4, B-17 പത്രികകളിൽ വ്യത്യാസം വന്നിട്ടുണ്ട്.

വാർഷിക ധനകാര്യ പത്രികയിലെ B-4 പത്രികയിലും B-17 പത്രികയിലും (തുക നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ടുകൾ) താഴെ പറയും പ്രകാരം വ്യത്യാസം വന്നിട്ടുണ്ട്.

ഇനം	B-4 പ്രകാരം	B-17 പ്രകാരം
CFC അൺടൈഡ് (320200104)	15770712	9221528 (ഫെഡറൽ ബാങ്ക് 9395)
CFC ടൈഡ് (320200113)	6259482	
ജലനിധി (320300102)	1109380	463761 (ഗ്രാമീൺ ബാങ്ക് 5999)

1-2 ബജറ്റ്

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1/1.3.2023 തീരുമാന പ്രകാരം അംഗീകരിച്ച 2023-24 വർഷത്തെ ബജറ്റ് ഭരണ സമിതിയുടെ 1/29.3.2023 തീരുമാനത്തിൽ അംഗീകരിച്ച് പാസാക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരം മുന്നിരിപ്പ് ₹33471027/-, വരവ് ₹484903600/- ചെലവ് ₹495016760/- നീക്കിയിരിപ്പ് ₹23357867/- ആകുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കും പ്രകാരം ജനുവരി ആദ്യ വാരമുള്ള ബജറ്റ് അവതരണം നടന്നിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ്ബുക്ക് പ്രകാരം 20.2.2023- ലാണ് ബജറ്റ് നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചതെന്ന് കാണുന്നു. ബജറ്റ് നിർദ്ദേശങ്ങൾ ക്ഷണിച്ചതിന്റെയും വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങളും ഉൾപ്പെട്ട ബജറ്റ് ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-3-1 ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - ₹1279971/- ലാപ്സായി

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ.(എം.എസ്) 79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20% മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. തൻവർഷം നിശ്ചിത ചെലവ് കൈവരിക്കാത്തതിനാൽ 2025-26 സാമ്പത്തിക വർഷം വികസനഫണ്ട് (എസ്.സി.പി.) മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ ₹1279971/- ലാപ്സാകുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അലോട്ട്മെന്റ് (₹)	യഥാർത്ഥ ചെലവ് (₹)	ബാക്കി (₹)	ചെലവ് ശതമാനം	2024-25ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക 20% (₹)	ഷോർട്ട് ഫോൾ ഇനത്തിൽ 2025-26-ൽ നഷ്ടമാകുന്ന തുക
വികസന ഫണ്ട്-എസ്.സി.പി	9571724	6585059	2986665	68.80	1914345	1072320
സംരക്ഷണ ഗ്രാന്റ്-റോഡ്	15196650	11949669	3246981	78.63	3039330	207651
ആകെ					4953675	1279971

പദ്ധതി വിനിയോഗത്തിൽ കുറവ് വന്നതുമൂലം പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിന് ഉപയുക്തമാകുമായിരുന്ന ₹1279971/- നഷ്ടമുണ്ടായിട്ടുണ്ട്.

1-3-2 സ്രോതസിൽനിന്ന് കുറവു ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയില്ല.

വിവിധ ഫണ്ടുകളുടെ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുക ഗ്രാന്റ് വിനിയോഗത്തിൽ വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ₹	അങ്കണവാടി അധിക വേതനം ₹	എസ്.എസി./എസ്.റ്റി. ഫണ്ടിലേക്ക് പുനക്രമീകരിക്കുന്ന തുക ₹	ജി.ഒ. നം.179/2022/ ധന. പ്രകാരം കുറവു വരുത്തുന്ന

				തുക ₹
വികസന ഫണ്ട്-ജനറൽ	6066204	2190000	1026724	364240
വികസന ഫണ്ട്-എസ്.സി.പി.	683926	-	1026724	-
വികസന ഫണ്ട്-ടി.എസ്.പി.	155598	-	-	-

1-3-3 ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്താത്തത്.

ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്), (അൺടൈഡ്) ഇനങ്ങളിലുള്ള ചെലവുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ സ്റ്റേറ്റ്മെന്റ് എന്നിവയിൽ ചെലവ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാന്റ് സ്റ്റേറ്റമെന്റിലെ ചെലവ് തുക സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	പത്രിക	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
320200104 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	വാർഷിക ധനകാര്യ പത്രിക	5066728	10703984	15770712	0	15770712
	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്	0	6031000	6031000	5425702	605298
320200113 - ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	വാർഷിക ധനകാര്യ പത്രിക	6259482	0	6259482	0	6259482
	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്	0	4523500	4523500	3797177	726323

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/ 4.9.24-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്/ അലോട്ട്മെന്റ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് / ലാപ്സായ തുക (₹)
വികസന ഫണ്ട്-പൊതുവിഭാഗം	0	36424000	36424000	32787622	3636378

വികസന ഫണ്ട്-എസ്.സി.പി	0	9571724	9571724	6585059	2986665
വികസന ഫണ്ട്-ടി.എസ്.പി	0	302000	302000	290598	11402
സംരക്ഷണ ഗ്രാന്റ്-റോഡ്	0	15196650	15196650	11949669	3246981
സംരക്ഷണ ഗ്രാന്റ്-റോഡിതരം	0	3954600	3954600	3728815	225785
320200104 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) *	5066728	10703984	15770712	0	15770712
320200113 - ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) *	6259482	0	6259482	0	6259482
320100196 – ഐ.സി.ഡി.എസ്	3442581	1256273	4698854	3000000	1698854
320300102 – ജലനിധി	1098622	128164	1226786	117406	1109380
320100203 – ഹെൽത്ത് ഗ്രാന്റ് - പി.എച്ച്.സി	213624	2814519	3028143	213624	2814519
320100202 - ഹെൽത്ത് ഗ്രാന്റ് - ഇൻഫ്രാസ്ട്രക്ച്ചർ	355496	1267020	1622516	413881	1208635
320100204 - ഹെൽത്ത് ഗ്രാന്റ് - ഹെൽത്ത് & വെൽനെസ്	213624	511817	725441	26000	699441
320100139 – ദേശീയ ആരോഗ്യ മിഷൻ (ആയുഷ് എൻ.എച്ച്.എം)	500000	0	500000	500000	0
320100194 – ലൈബ്രറി ഗ്രാന്റ്	0	13410	13410	0	13410
320200307 - എം.എൽ എ. ഫണ്ട്	236762	0	236762	228909	7853
320300199 മറ്റ് ഗവ. വകുപ്പുകളിൽ നിന്നുള്ള ഗ്രാന്റുകൾ	161000	0	161000	0	161000
320200306 – എം.പി. ഫണ്ട്	8076	5032	13108	13108	0
320200399 – മറ്റ് ഗ്രാന്റുകൾ	0	3360379	3360379	3360379	0
320200305 – ഗ്രാന്റ് - കുടിവെള്ള പദ്ധതി	0	2929873	2929873	2929873	0

കുറിപ്പ് – വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകളാണ് മേൽ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

* 320200104 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്), 320200113 - ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) എന്നിവയുടെ ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആകെ വരവുതുകയാണ് നീക്കിയിരിപ്പിലും ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് + അൺടൈഡ്) ഇനത്തിൽ ചെലവ് ₹9222879/- രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് വാർഷിക ധനകാര്യപത്രികയുടെ അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 പദ്ധതി അവലോകനം

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
281	340098883	143	108631105	138	51%

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	അടങ്കൽ തുക ₹	ചെലവ് തുക ₹	ചെലവ് ശതമാനം	പ്രോജക്റ്റിന്റെ എണ്ണം	നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം	നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ശതമാനം
1	അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ)	86678902	29621245	34.17	162	72	44.44
2	അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	1654000	772290	46.69	3	3	100.00
3	ഐ.സി.ഡി.എസ് സൂപ്പർവൈസർ	10796805	6659400	61.68	8	5	62.50
4	കൃഷി ഓഫീസർ	10045711	3509960	34.94	6	3	50.00
5	ഡയറി ഫാം ഇൻസ്ട്രക്ടർ	2500000	2409950	96.40	1	1	100.00
6	മെഡിക്കൽ ഓഫീസർ - ആയുർവേദം	600000	600000	100.00	1	1	100.00
7	മെഡിക്കൽ ഓഫീസർ - പി.എച്ച്.സി/സി.എച്ച്.സി	6538000	5232529	80.03	6	4	66.67
8	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	119878643	23700050	19.77	22	16	72.73
9	വെറ്ററിനറി സർജൻ	4975000	1337350	26.88	3	2	66.67

10	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	96431822	34788331	36.08	69	36	52.17
	ആകെ	340098883	108631105	31.94	281	143	50.89

281 പദ്ധതികൾക്കായി ആകെ ₹340098883/- വകയിരുത്തി അടങ്കലിൽ വിഭാവനം ചെയ്തിരുന്നെങ്കിലും ₹108631105/- മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. ആകെ 51% പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് വിവിധ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവര ശേഖരണം നടത്തിയതിന്റെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുൻബാക്കി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണ നിർവ്വഹണം	0	1425578	1425578	1425578	0
തൊഴിലാളികളുടെ കൂലി (നേരിട്ട് നൽകുന്നത്)	0	22310000	22310000	22310000	0
ആകെ		23735578	23735578	23735578	0

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക (₹)
വാർദ്ധക്യകാല പെൻഷൻ	38,570,800.00	3610
കർഷക തൊഴിലാളി പെൻഷൻ	3,944,200.00	365
വിധവാ പെൻഷൻ	16,494,500.00	1511
50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	136,000.00	16
വികലാംഗ പെൻഷൻ	5,099,000.00	452
വിധവകളായവരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	300,000.00	6

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

03.09.2024 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹93228/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഇരുപത്തിരണ്ടംഗ സമിതിയാണ് ഗ്രാമ പഞ്ചായത്തിന്റെ ഭരണ നിർവ്വഹണം നടത്തുന്നത്. കൃത്യമായ ഇടവേളകളിൽ കമ്മറ്റികൾ നടക്കുന്നുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളും കൃത്യമായി യോഗം ചേർന്ന് തീരുമാനങ്ങളെടുക്കുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ വർഷത്തിൽ ഒരുതവണ 7/2023-ൽ മാത്രമാണ് കൂടിയിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർവ്വഹണവേളയിൽ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല.

ജനറൽ കമ്മറ്റി മിനിട്സ് സമയബന്ധിതമായി ക്ലോസ് ചെയ്യുന്നില്ല. മിനിട്ട്സ് ക്ലോസ് ചെയ്യാൻ മാസങ്ങളെടുക്കുന്നു. വരവ് -ചെലവുകൾ തൊട്ടടുത്ത മാസത്തിൽ തന്നെ വൈസ് പ്രസിഡണ്ട് അധ്യക്ഷനായ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ട്സ് മാന്വൽ ആയിട്ടാണ് നിലവിലും തയ്യാറാക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടനയിൽ സെക്രട്ടറി, അസി.സെക്രട്ടറി, 2 ഹെഡ് ക്ലാർക്ക്മാർ, മൂന്ന് സീനിയർ ക്ലാർക്കുമാർ, എട്ട് ക്ലാർക്കുമാർ, രണ്ട്ഓഫീസ് അറ്റന്റന്റമാർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നിവർ ഉൾപ്പെടുന്നു. കൂടാതെ റോഡ് വൃത്തിയാക്കുന്നതിന് മൂന്ന് ഫുൾടൈം സ്വീപ്പർമാരെ നിയോഗിച്ചിട്ടുണ്ടെങ്കിലും ഇവർ കൂടി ഓഫീസിലാണ് ജോലികൾ ചെയ്യുന്നത്. റോഡ് സ്വീപ്പിംഗിനായി ദിവസവേതനത്തിന് അഞ്ച് പേരെയും, വിവിധ ജോലികൾക്കായി കരാറടിസ്ഥാനത്തിൽ 12 പേരെയും പഞ്ചായത്ത് നിയോഗിച്ചിരിക്കുന്നു. ഇതു കൂടാതെ സ്റ്റേഡിയം കെയർ ടേക്കർ കം സെക്യൂരിറ്റി ഗാർഡുകളായി 3 പേരെ നിയോഗിച്ചിരിക്കുന്നു.

ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്. തൻവർഷം 01.06.2023-ലും 08.09.2023-ലും പൊതു ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിരിക്കുന്നു. ഇതുകൂടാതെ ജീവനക്കാർ സ്ഥലം മാറിവരുന്ന സമയത്തും ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിക്കുന്നുണ്ട്. ഓഫീസ് പ്രവർത്തനം സാമാന്യം തൃപ്തികരമാണ് എന്നു മാത്രമാണ് പറയാൻ സാധിക്കുന്നത്. അത്യാവശ്യ രജിസ്റ്ററുകളായ വായ്പാ രജിസ്റ്റർ, സ്ഥിര നിക്ഷേപ രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

തെരുവു വിളക്ക് രജിസ്റ്റർ, പൊതുടാപ്പുകളുടെ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ തെരുവു വിളക്കുകളുടെയും പൊതുടാപ്പുകളുടെ ചാർജ്ജ് അടയ്ക്കുന്നതിന്റെ കൃത്യമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. കെ. എസ് ഇ ബി, വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾ ഡിമാന്റ് ചെയ്യുന്ന തുക യാതൊരു മേൽ

പരിശോധനയും നടത്താതെ ഒടുക്കുക മാത്രമാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകളിൽ പലതും പ്രവർത്തിക്കുന്നവയല്ല എന്ന് വൈദ്യുത ചാർജ്ജായി ഏറ്റവും കുറഞ്ഞ തുക ഒടുക്കുന്നതിൽ നിന്ന് വ്യക്തമാകുന്നു.

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്.

തനതു വരുമാനസ്രോതസുകളായ വസ്തു നികുതി, വാടക എന്നിവ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് ഇതുവരെ പൂർണമായിട്ടില്ല.

വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കാൻ ശ്രമം നടന്നെങ്കിലും പ്രവർത്തന കലണ്ടർ പാലിച്ച് നിർവഹണ പ്രക്രിയ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞില്ല. ഗണ്യമായ പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കാനായില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-9 ട്രേഡർമാരുടെ ലൈസൻസ് /തൊഴിൽ നികുതി-വാർഡ് അടിസ്ഥാനത്തിലുള്ള ഡിമാന്റ് വിവരങ്ങൾ ലഭ്യമല്ല

ഗ്രാമപഞ്ചായത്തിലെ ട്രേഡർമാരുടെ എണ്ണവും വിവരവും സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിലുള്ള കൃത്യമായ ട്രേഡേഴ്സ് ഡേറ്റാബേസ്, കെട്ടിട നമ്പർ, ഉടമസ്ഥൻ, ലൈസൻസ് ഉടമസ്ഥൻ, ബിസിനസ് തരം, ലൈസൻസ് ഡിമാൻഡ്, തൊഴിൽ നികുതി, യന്ത്രങ്ങളുടെ വിശദാംശം, മൂലധന നിക്ഷേപം തുടങ്ങിയ വിവരങ്ങൾ ചേർത്ത് തയ്യാറാക്കിയിട്ടില്ല. ഔദ്യോഗിക ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്ത് പ്രദേശത്തെ 22 വാർഡുകളിലെയും ട്രേഡർമാരുടെ ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമാണോ എന്നതിൽ വ്യക്തതയില്ല. പഞ്ചായത്തിൽ ലഭ്യമായ 2023-24 ലൈസൻൻസ് രജിസ്റ്റർ പ്രകാരം 707 ട്രേഡർമാരാണ് ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിലുള്ളത്. 2023-24 ലൈസൻസ് രജിസ്റ്ററിലാണ് ട്രേഡർ തൊഴിൽ നികുതി വിവരവും ചേർക്കുന്നത്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡർമാരുടെ വിവരം ലഭ്യമല്ലാത്തതിനാൽ വാർഡ് അടിസ്ഥാനത്തിൽ ഡി.സി.ബി.-യും തയ്യാറാക്കിയിട്ടില്ല. ട്രേഡർമാരുടെ കൃത്യമായ ഡേറ്റാബേസിന്റെ അഭാവം ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനും IFTEOS ലൈസൻസ് ചട്ട ലംഘനത്തിനും തനത് വരുമാന നഷ്ടത്തിനും ഇടയാക്കും. ട്രേഡേഴ്സ് ലിസ്റ്റുമായി ബന്ധപ്പെട്ട അപാകത പരിഹരിക്കേണ്ടതാണ്.

1-10 തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് ഉണ്ടോയെന്ന് ഉറപ്പാക്കിയില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിൽ പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.

പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6-ൽ, കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/ വർദ്ധനവിനെ കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. അതിൻ പ്രകാരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

2023-24-ൽ നികുതി നിർണയിക്കപ്പെട്ട നിലവിലുള്ള കെട്ടിടത്തോട് ചേർത്ത് നിർമിക്കപ്പെട്ട ചുവടെ ചേർത്ത കെട്ടിടത്തിന്റെ തറ നിർമ്മിതി, 'മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ' എന്ന് കെട്ടിട ഉടമസ്ഥൻ ലഭ്യമാക്കിയ വിവര ശേഖരണ ഫോറത്തിൽ വ്യക്തമാക്കിയിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നം.	കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ)	കെട്ടിട ഉടമയുടെ പേര്	റിമാർക്സ്
5/1302, 5/1303, 5/1304, 5/1305, 5/1306, 5/1306,5/1307, 5/1308, 5/1309	352.40	അലൻ റ്റി. ജേക്കബ്	നിലവിലുള്ള കെട്ടിടം
5/1326, 5/1327, 5/1328, 5/1329	176.20	അലൻ റ്റി. ജേക്കബ്	2023-24ൽ നികുതി നിർണയിക്കപ്പെട്ട കെട്ടിടം
ആകെ	528.60		

വസ്തു നികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകൾ (ചട്ടം 12) പ്രകാരം ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും സെക്രട്ടറിയുടെ ചുമതലയാണ്.

250 ചതുരശ്ര മീറ്ററിന് മുകളിലുള്ള മേൽപ്പറഞ്ഞ കെട്ടിടം പരിശോധിച്ച് കെട്ടിടത്തിന്റെ മറ്റു നിലകളുടെ തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതും തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവ ഉപയോഗിച്ച തറ നിർമ്മിതിയാണെങ്കിൽ കെട്ടിടത്തിന് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണ്ണയിക്കേണ്ടതാണ്.

1-11 ഐ.എൽ.ജി.എം.എസ് മുഖേന രസീതുകൾ ക്യാൻസൽ ചെയ്തത് അപ്രൂവ് ചെയ്യുന്നതിൽ കാലതാമസം

ക്യാൻസൽ ചെയ്ത രസീതുകൾ അതാത് ദിവസം തന്നെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് അപ്രൂവ് ചെയ്യേണ്ടതാണ്. ഐ.എൽ.ജി.എം.എസ് പരിശോധിച്ചതിൽ, തൻവർഷം ചില രസീതുകൾ അപ്രൂവ് ചെയ്യുന്നതിൽ കാലതാമസമുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

രസീത് നം, തീയതി	തുക ₹	കാരണം	അപ്രൂവ് ചെയ്ത തീയതി
1230002219,20/12/2023	2143900	Amount Correction	10/06/2024
1230002213,19/12/2023	2143900	Amount Correction	10/06/2024

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/05.09.2024) ലഭ്യമാക്കിയ മറുപടിയിൽ പെൻഡിംഗ് ടാസ്ക് വഴി അപ്രൂവ് ചെയ്ത തീയതിയാണ് 10/06/2024 എന്നറിയിച്ചിട്ടുണ്ട്.

രസീതുകൾ അതാത് ദിവസം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് അപ്രൂവ് ചെയ്യേണ്ടതാണ്.

1-12 ചെക്കുകൾ ബാങ്കിൽ വരവ് വരാൻ അവശേഷിക്കുന്നു

നെടുങ്കണ്ടം സർവീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിന്റെ (നം.1623) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ചെക്കുകൾ കളക്ഷന് നൽകി മാസങ്ങൾ/വർഷങ്ങൾ കഴിഞ്ഞിട്ടും ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ലായെന്ന് കാണുന്നു. 31.06.2024 ലെ ബാങ്ക് റീകൺസിലിയേഷൻ പ്രകാരം ബാങ്കിൽ വരവ് വരാൻ അവശേഷിക്കുന്ന ചെക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ചെക്ക് തീയതി	ചെക്ക് നമ്പർ	തുക (₹)
1	19-03-2019	656513	1,250.00
2	17-09-2020	0879155	28,500.00
3	25-03-2022	4993366	53,030.00
4	28-03-2022	621092	7,500.00
5	02-03-2021	310651	1,250.00
6	22-03-2019	956435	1,250.00
7	01-04-2019	617412	75,200.00

8	15-09-2020	306605	2,850.00
9	20-04-2021	20100	8,764.00
10	27-03-2021	20100	2,341.00
11	01-09-2022	4993373	45,000.00
12	10-02-2023	967103	1,250.00
13	15-03-2023	214768	12,500.00
14	15-03-2023	596286	13,750.00
15	09-03-2023	314358	5,400.00
16	04-03-2023	31329898	17,890.00
17	16-08-2023	0000103	85,000.00
18	16-08-2023	0000103	11,000.00
19	31-08-2023	239468	4,000.00
20	26-08-2023	4821	2,500.00
ആകെ			380225.00

ഭാരതീയ റിസർവ്വ് ബാങ്കിന്റെ മാർഗരേഖ അനുസരിച്ച് 03 മാസം മാത്രമാണ് ചെക്കുകളുടെ കാലാവധി. ആ നിലയ്ക്ക് ഇവ യഥാസമയം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടുവെന്ന് ഉറപ്പ് വരുത്താതെ/ അക്കൗണ്ടിൽ പണമില്ലാതെ ചെക്ക് നൽകിയിട്ടുള്ളപക്ഷം സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കാതെ വർഷങ്ങളോളം പൊരുത്തപ്പെടുത്തൽ പത്രികയിൽ ഉൾപ്പെടുത്തിയത് ഗുരുതരമായ വീഴ്ചയാണ്. 2021-22 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-9-5 ൽ ക്രമ നം. 1, 4, 5, 7, 8, 9, 10 എന്നീ ചെക്കുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. പ്രസ്തുത ചെക്കുകളുടെ വിശദാംശങ്ങളും 3 മാസം കഴിഞ്ഞിട്ടും വരവ് വരാത്തതിന്റെ കാരണവും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/05.09.2024) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത ചെക്കുകൾ ഏതിനത്തിൽ വരവ് വന്നിട്ടുള്ളതാണെന്നും ആയവ നൽകിയ സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടികളുടെ വിവരവും അടിയന്തിരമായി

ലഭ്യമാക്കേണ്ടതും ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

1-13 വിനോദ നികുതി ഈടാക്കുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

1961-ലെ Kerala Local Authorities Entertainments Tax Act ലെ സെക്ഷൻ 3 പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദത്തിനായുള്ള ടിക്കറ്റിന്മേൽ നിശ്ചിത നിരക്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. ജി.എസ്.ടി നിലവിൽ വന്നതോടെ തിയറ്ററുകളിൽ നിന്നുള്ള വിനോദ നികുതി ഈടാക്കേണ്ടതില്ലെന്ന് സംസ്ഥാന സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ജി.എസ്.ടി നിരക്ക് 28% ൽ നിന്നും 18% ആയി കേന്ദ്ര സർക്കാർ കുറവു ചെയ്തതിനെത്തുടർന്ന് സിനിമാ ടിക്കറ്റിന്മേൽ വീണ്ടും വിനോദ നികുതി ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനമെടുക്കുകയും 1961 ലെ Kerala Local Authorities Entertainments Tax Act ൽ ഭേദഗതി വരുത്തുകയും ചെയ്തു. 2019-ലെ കേരള ധനകാര്യ നിയമത്തിലെ (Kerala Finance Act, 2019) വകുപ്പ് 6 പ്രകാരമാണ് 1961 ലെ Kerala Local Authorities Entertainments Tax Act ലെ വകുപ്പ് 3 ൽ ഭേദഗതി വരുത്തിയിട്ടുള്ളത്. ഇതോടെ ഓരോ സിനിമാ ടിക്കറ്റിന്മേലും 10% ൽ കൂടാതെ വിനോദ നികുതി ഈടാക്കാവുന്നതാണെന്നുള്ള നിയമ വ്യവസ്ഥ നിലവിൽ വന്നു.

സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകിയെങ്കിലും സ.ഉ(കൈ)നം.112/2019/ ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യതിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

2023-24 വർഷത്തെ വാർഷിക കണക്ക് പ്രകാരം ആകെ 873263 രൂപയാണ് വിനോദ നികുതി ഇനത്തിലെ വരവ്. വരവിന്റെ കൃത്യതയിലെ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1) തീയറ്റർ ഉടമ സമർപ്പിച്ച ടിക്കറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നികുതിയായി അടവാക്കി കാണുന്നത്. ഇതിന്റെ കൃത്യത പരിശോധിക്കുന്നില്ല. ജി.എസ്.ടി. ഫയൽ ചെയ്ത രേഖകൾ ഇതോടൊപ്പം സൂക്ഷിച്ചിട്ടില്ല. നിലവിൽ ജി.എസ്.ടി ഫയൽ ചെയ്തതിന് അനുസൃതമായല്ല നികുതി ഈടാക്കുന്നത്. അപാകതകൾ

പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) പ്രതിമാസ ജി.എസ്.ടി. റിട്ടേൺ സമർപ്പിച്ച് 3B ഫോം പഞ്ചായത്തിൽ സമർപ്പിക്കേണ്ടതും വിനോദ നികുതി എല്ലാ മാസവും മൂന്നാം തിയതിക്കുള്ളിൽ ഒടുക്കേണ്ടതുമാണ്. എന്നാൽ ദിവസങ്ങൾ വൈകിയാണ് നികുതി ഒടുക്കുന്നതെന്ന് ലെഡ്ജർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ വിനോദ നികുതി തിയറ്റർ ഉടമകൾ ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3) ഓരോ മാസവും എത്ര ടിക്കറ്റാണ് നൽകിയതെന്നും ആയതിന്റെ വിനോദ നികുതിയായി എത്ര തുക ഈടാക്കിയെന്നും കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ മാസത്തേയും ടിക്കറ്റുകളുടെ കൃത്യത ഉറപ്പാക്കി വിനോദ നികുതി കണക്കാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി മാത്രം നികുതി ഈടാക്കേണ്ടതാണ്.

മേൽ വിഷയങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/05.09.2024) മറുപടി ലഭ്യമാക്കിയല്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-14-1 വസ്തുനികുതിയിൽ കുടിശ്ശിക

എ) വാർഷിക ധനകാര്യ പത്രിക B 15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വസ്തു നികുതി – റെസിഡൻഷ്യൽ (തൻവർഷം)	₹ 1,014,441.00
വസ്തു നികുതി – റെസിഡൻഷ്യൽ (അരിയർ)	₹ 760,752
വസ്തു നികുതി – നോൺ-റെസിഡൻഷ്യൽ (തൻവർഷം)	₹1,360,958
വസ്തു നികുതി – നോൺ റെസിഡൻഷ്യൽ (അരിയർ)	₹1,208,801
ആകെ	₹4344952

ദീർഘനാളുകളായി വാടക കുടിശ്ശിക വരുത്തിയ ആളുകൾക്കെതിരെ നോട്ടീസുകൾ അയച്ചതൊഴികെ തുടർനടപടികളെന്തെങ്കിലും സ്വീകരിച്ചതായി രേഖ സൂക്ഷിച്ചിട്ടില്ല. വസ്തു നികുതിയുടെ കുടിശ്ശികയായി സൂചിപ്പിച്ചിട്ടുള്ള ഗണ്യമായ ശതമാനം തുകയും ഇതിനോടകം കാലഹരണപ്പെട്ടതാണ്. തന്മൂലം നിയമപരമായ നടപടികളിലൂടെ പ്രസ്തുത തുകകൾ വസൂലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. 01.06.2022 ലെ സ.ഉ (കൈ) നം/117/2022/തസ്വഭവ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കുടിശ്ശകയും അതേത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി പത്രിക തയ്യാറാക്കി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും ഭരണ സമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ

നൽകേണ്ടതുമാണെന്നും മേൽ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ സകർമ്മ മിനിട്സ് പരിശോധിച്ചതിൽ വസ്തു നികുതി പുനർനിർണ്ണയം സംബന്ധിച്ച വിവരങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും നികുതി പിരിവ് പുരോഗതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടില്ലയെന്ന് വ്യക്തമാകുന്നു.

ബി) ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ വസ്തുനികുതിയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ് നമ്പർ	കെട്ടിട നമ്പർ	ഉടമസ്ഥന്റെ വിവരം	കെട്ടിടത്തിന്റെ തരം	വാർഷിക വസ്തു നികുതി ₹	കുടിശ്ശിക വർഷങ്ങൾ
1	15	857	തഹസിൽദാർ, ഉടുമ്പൻചോല താലൂക്ക് ഓഫീസ്	ഓഫീസ് ആവശ്യത്തിനുള്ളവ	22704	2018, 2019, 2020, 2021,2022,2023
2	,,	40	സ്റ്റേറ്റ് ടാക്സ് ഓഫീസർ (എ.ഐ.റ്റി/ എസ്.റ്റി. ഓഫീസ്)	,,	9504	,,
3	,,	41	,,	,,	9504	,,
4	,,	736	ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ (ബ്ലോക്ക് റിസോഴ്സ് സെൻറ്റർ)	,,	8000	,,
5	,,	870	സ്പെഷ്യൽ തഹസീൽദാർ (ഭൂമിപതിവ്, ഉടുമ്പൻചോല)	,,	6869	,,
6	,,	865	തഹസീൽദാർ (താലൂക്ക് ഓഫീസ്, നെടുംകണ്ടം)	,,	6749	,,
7	,,	871	തഹസീൽദാർ (കോൺഫറൻസ് ഹാൾ, ഉടുമ്പൻചോല)	,,	5444	,,
8	,,	31	സ്റ്റേറ്റ് ടാക്സ് ആഫീസർ (എ.ഐ.റ്റി./എസ്.റ്റി. ആഫീസ്)	,,	3124	,,
9	,,	32	,,	,,	3124	,,
10	,,	33	,,	,,	2596	,,
11	,,	34	,,	,,	2596	,,
12	,,	35	,,	,,	2596	,,
13	,,	737	ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ (ബ്ലോക്ക് റിസോഴ്സ് സെൻറ്റർ)	,,	1980	,,
14	,,	699	തഹസിൽദാർ (താലൂക്ക് ഓഫീസ് ഉടുമ്പൻചോല)	,,	1120	,,
15	,,	867	തഹസീൽദാർ (കമ്പ്യൂട്ടർ റൂം, ഉടുമ്പൻചോല)	,,	1095	,,
16	,,	728	തഹസീൽദാർ (ഉടുമ്പൻചോല താലൂക്ക് ആഫീസ്)	,,	960	,,

17	,,	729	,,	,,	832	,,
18	,,	742	,,	,,	800	,,
19	,,	698	,,	,,	720	,,
20	,,	869	സബ് ആർ.റ്റി.ഒ (സബ് ആർ.റ്റി.ഒ. ഓഫീസ്, ഉടുമ്പൻചോല)	,,	8468	2019, 2020, 2021,2022,2023
21	,,	862	തഹസീൽദാർ (റവന്യൂറിക്കവറി ഓഫീസ്, ഉടുമ്പൻചോല)	,,	6065	,,
22	,,	30	സ്റ്റേറ്റ് ടാക്സ് ആഫീസർ (എ.ഐ.റ്റി./എസ്.റ്റി. ആഫീസ്)	,,	3124	,,
23	15	13	,,	,,	1848	,,
24	,,	15	,,	,,	1760	,,
25	,,	17	സ്റ്റാഫ് ക്വാർട്ടേഴ്സ് (എ.ഐ.റ്റി / എസ്.റ്റി ഓഫീസ്)	,,	1760	,,
26	,,	19	,,	,,	1760	,,
27	,,	20	,,	,,	1760	,,
28	,,	21	,,	,,	1760	,,
29	,,	22	,,	,,	1760	,,
30	,,	23	,,	,,	1760	,,
31	,,	24	,,	,,	1760	,,
32	,,	26	,,	,,	1760	,,
33	,,	27	,,	,,	1760	,,
34	,,	28	,,	,,	1760	,,
35	,,	29	,,	,,	1760	,,
36	,,	16	,,	,,	1743	,,
37	,,	18	,,	,,	1600	,,
38	,,	14	സ്റ്റേറ്റ് ടാക്സ് ഓഫീസർ(എ.ഐ.റ്റി/എസ്.റ്റി) (നെടുംകണ്ടം)	,,	396	,,
39	,,	866	അസി. കൺട്രോളർ (ലീഗൽ മെട്രോളജി, ഉടുമ്പൻചോല)	,,	2925	2020, 2021, 2022, 2023
40	,,	874	തഹസിൽദാർ (ഉടുമ്പൻചോല താലൂക്ക് ഓഫീസ്)	,,	3197	2020 IInd Half, 2021, 2022, 2023

മേൽ സൂചിപ്പിച്ച (എ&ബി) കുടിശ്ശിക തുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/05.09.2024) മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14-2 01/04/2023 ന് ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല

22/03/2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവിലെ നിരക്കുകൾ പ്രകാരം പഞ്ചായത്ത് ഭരണസമിതി 15/09/2023 ലെ 2/1 തീരുമാനത്തിൽ നികുതി നിരക്കുകൾ അംഗീകരിച്ചു. എന്നാൽ 2023-24 ലെ സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ നിന്നും 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ലയെന്ന് കാണുന്നു.

ക്രമ നമ്പർ	വാർഡ് നമ്പർ	വാർഡ്	കെട്ടിട നമ്പർ	കെട്ടിട ഉടമസ്ഥൻ	ഉപയോഗക്രമം	ഈടാക്കി വരുന്ന നികുതി നിരക്ക്	ഈടാക്കേണ്ട നികുതി നിരക്ക്
1	15	കല്ലാർ	1028	ഉഷ മണി	പാർപ്പിടാവശ്യം	5	6
2	15	കല്ലാർ	1029	സി.പി. ജയൻ	പാർപ്പിടാവശ്യം	5	6
3	15	കല്ലാർ	1030	ജാനകി ഭാസ്കരൻ	പാർപ്പിടാവശ്യം	5	6
4	15	കല്ലാർ	1033	വനരാജ്	പാർപ്പിടാവശ്യം	5	6

ഇപ്രകാരം 01/04/2023 ന ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പഴയ നികുതി നിരക്കിൽ വസ്തുനികുതിയിൽ നിർണ്ണയിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/ 05.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. സമാനമായ രീതിയിൽ വസ്തു നികുതി പരിഷ്കരണത്തിൽ നിന്ന് മറ്റ് കെട്ടിടങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടോയെന്ന് കണ്ടെത്തേണ്ടതും നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

1-14-3 തറ വിസ്തീർണ്ണം പരിഗണിക്കാതെ നികുതി നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലും 100 – 500 ച.മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളെവാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക്

ചതുരശ്ര മീറ്ററിനു 75 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4ാം ചട്ടം 1ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും വെവ്വേറെ വസ്തു നികുതി ചുമത്തേണ്ടതുള്ളൂ.

തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ച താഴെ പറയുന്ന, 100 -500 ച.മീറ്റർ വരെ തറവിസ്തീർണമുള്ള കെട്ടിടത്തിനെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കി ഈടാക്കി വരുന്നത്.

വാർഡ് നമ്പർ	വാർഡ്	കെട്ടിട നമ്പർ		കെട്ടിട ഉടമസ്ഥൻ	ഉപയോഗ ക്രമം	കെട്ടിട വിസ്തീർണം (ച.മീ)	കെട്ടിടത്തിന്റെ ആകെ വിസ്തീർണം	ഈടാക്കിയ നികുതി നിരക്ക്	ഈടാക്കേണ്ട നികുതി
3	ചാറൽമേട്	1664		തങ്കമ്മ	വാണിജ്യാവശ്യത്തിനുള്ളവ (100 -500 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള കെട്ടിടം)	31.09	497.44	60	75
3	ചാറൽമേട്	1664	A			31.09			
3	ചാറൽമേട്	1664	B			31.09			
3	ചാറൽമേട്	1664	C			31.09			
3	ചാറൽമേട്	1664	D			31.09			
3	ചാറൽമേട്	1664	E			31.09			
3	ചാറൽമേട്	1664	F			31.09			
3	ചാറൽമേട്	1664	G			31.09			
3	ചാറൽമേട്	1664	H			31.09			
3	ചാറൽമേട്	1664	I			31.09			
3	ചാറൽമേട്	1664	J			31.09			
3	ചാറൽമേട്	1664	K			31.09			
3	ചാറൽമേട്	1664	L			31.09			
3	ചാറൽമേട്	1664	M			31.09			
3	ചാറൽമേട്	1664	O			31.09			
3	ചാറൽമേട്	1664	N			31.09			

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം. 08, 05/09/2024)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർ നിർണ്ണയിക്കുവാനുള്ള നടപടി സ്വീകരിച്ച് കുറവ് വന്ന നികുതി ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-14-4 വസ്തു നികുതി പരിഷ്കരണം-മേഖല തരം തിരിക്കൽ, വിവരശേഖരണം, ഡാറ്റാ എൻട്രി നടപടികൾ പൂർത്തിയായില്ല

2011 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2013 ലെ ഭേദഗതി ചട്ടങ്ങൾ, വിവിധ ഘട്ടങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ, ഉത്തരവുകൾ എന്നിവ ആധാരമാക്കി സഞ്ചയ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് പരിഷ്കരിച്ച വസ്തു നികുതി നിർണ്ണയിക്കുന്നത്. വസ്തു നികുതി ഡാറ്റയുടെ കൃത്യതയും 2023-ൽ 5% അധികനിരക്കിൽ പുതുക്കി നിശ്ചയിച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

2023- ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. വകുപ്പ് 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നിതനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/തീ.10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം എന്നിവ കാണുക).

2023 ലെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച പ്രധാന നിർദ്ദേശങ്ങൾ

നിർദ്ദേശം	നിർദ്ദേശം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയതിന്റെ വിവരം
വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ	എല്ലാ കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ 5%

എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ടതാണ്.	വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.
കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തവർക്ക് വിവരം ഫോറം 9ബി പ്രകാരം അറിയിക്കാവുന്നതാണ്. സമയപരിധി - 15-05-2023-നകം.	ഫോറം 9B യിൽ കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരശേഖരണം സമഗ്രമായി പൂർത്തീകരിച്ചിട്ടില്ല. ലഭ്യമായവയിൻമേലോ ലഭ്യമാക്കാത്തവർക്കെതിരെയോ നടപടികൾ സ്വീകരിച്ചിട്ടില്ല.
കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു.	ഫീൽഡ് പരിശോധന നാളിതുവരെ ആരംഭിച്ചിട്ടില്ല.
വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിതയോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്.	നിയമനം സംബന്ധിച്ച് ഭരണസമിതി തീരുമാനമെടുത്തിട്ടില്ല.
വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം	സർക്കാർ ഉത്തരവുകൾ കണക്കിലെടുത്ത് 15/09/2023-ലെ 2(i) നം. തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.
വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കിനിശ്ചയിക്കാവുന്നതാണ്.	വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും നടത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വസ്തു നികുതിയുടെ പരിഷ്കരണത്തിന്റെ ഭാഗമായി വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട വസ്തു നികുതി നിരക്കുകളും മേഖലകളുടെ പുതുക്കി നിശ്ചയിക്കലും റോഡുകളുടെ തരംതിരിക്കലുകളും പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-15 ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടകയിൽ കുടിശിക

എ) ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക ബൈലോ അനുസരിച്ച് കുത്തകക്കാർ ഓരോ മാസവും അഞ്ചാം തീയതിയ്ക്കകം പ്രതിമാസ വാടക ഒടുക്കേണ്ടതും കുടിശികക്കാരെ മുൻകൂർ അനുമതികൂടാതെ ഒഴിപ്പിക്കാവുന്നതുമാണ്. വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ കൊടുത്തിട്ടുള്ള വ്യക്തികൾ വാടക കുടിശിക വരുത്തിയിട്ടുള്ളതായി ബോധ്യമായിട്ടുണ്ട്. എന്നാൽ പ്രസ്തുത കുടിശിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	മുറി നമ്പർ	വാടകക്കാരന്റെ പേര്	പ്രതിമാസ വാടക (ജി.എസ്.ടി. കൂടാതെ) ₹	കുടിശിക ₹
പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ്				
1	2	വിജയകുമാർ കെ.ജെ.	5486	65832
2	3	രഞ്ജിനി, മുതുകുന്നേൽ	4631	55572
കിഴക്കേക്കവല ഷോപ്പിംഗ് കോംപ്ലക്സ്				
3	15	സിന്ധു സുകുമാരൻ നായർ	8273	91003
4	9	അബ്ദുൾ കരീം	2955	11820
5	10	വേണുഗോപാലൻ നായർ	2955	35460
6	16	റീജിയണൽ ഡയറക്ടർ, കെ.എസ്.സി.എസ്.സി	900	10800
7	17	ഷാജി ജേക്കബ്	4050	48600

8	20	അഡ്വ. ഗോപാല കൃഷ്ണൻ	1734	20808
9	25	ബാബു പി.റ്റി.	2376	28512
സ്റ്റേഡിയം കോംപ്ലക്സ്				
10	37	എം.ഡി. ഹോർട്ടികോർപ്പ്	2553	30636
11	38	മോഹനൻ എസ്.എൻ	5850	40950
12	44	പ്രസിഡന്റ്/സെക്രട്ടറി, ബ്ലോക്ക് ലേബർ ഡെവലപ്മെന്റ് സൊസൈറ്റി	1158	13896
13	45	അഭിലാഷ് കെ.	5206	62472
14	46	അജേഷ് മണികണ്ഠൻ	3308	39696
15	54	ശ്രീജിത്ത് സി.കെ	910	10920
16	56	പ്രസിഡന്റ്/സെക്രട്ടറി, എൻ.ജി.പി. സ്കിൽ ഡെവലപ്മെന്റ് ഇൻഡസ്ട്രിയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്	1050	12600
17	55	തമ്പി സുകുമാരൻ	1575	18900
എഴുകുംവയൽ ഷോപ്പിംഗ് കോംപ്ലക്സ്				
18	-	ഷിജു മോഹനൻ	1250	7500
തൂക്കുപാലം ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ളക്സ്				
19		അൻസാരി എസ്	850	10200
ആകെ				616177

കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/തീ.05.09.24) മറുപടി ലഭ്യമാക്കിയില്ല. വാടകകുടിശ്ശിക പിരിച്ചെടുക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബ) ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.10.2017-ലെ 3(i) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് കുത്തകാവകാശ ബൈലോയുടെ 5-ാമത്തെ വ്യവസ്ഥയനുസരിച്ച്, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന പ്രതിവർഷ നിരക്കു വർദ്ധനവ് (വർദ്ധനവിന്റെ പരമാവധി നിരക്ക് മാസവാടകയുടെ 5%) അംഗീകരിക്കുന്ന പക്ഷം നിലവിലുള്ള കുത്തകക്കാരന് ലേലം കൂടാതെ തന്നെ തുടരാവുന്നതാണ്. കുത്തകാവകാശലേലം

സ്ഥിരപ്പെടുത്തുന്ന വേളയിൽ 3 മാസത്തെ വാടക സെക്യൂരിറ്റി നിക്ഷേപമായി നിരതദ്രവ്യത്തിനൊപ്പം ഒടുക്കേണ്ടതുണ്ട്. (വ്യവസ്ഥ 13 കാണുക.) ഗ്രാമപഞ്ചായത്ത് മേൽപരാമർശിത നിരക്കിൽ ഓരോ വർഷവും വാടക വർദ്ധിപ്പിച്ച് നിലവിലുള്ള കുത്തകക്കാരെ തുടരാൻ അനുവദിക്കുന്നുവെങ്കിലും തദനുസരണം മൂന്നു മാസത്തെ വാടകയ്ക്കു തുല്യമാകുന്ന രീതിയിൽ തുക (വർദ്ധിപ്പിച്ച പ്രതിമാസവാടക X 5% X 3) സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിക്കാതെ മുറികളുടെ കുത്തകാവകാശം അനുവദിച്ചു നൽകുന്നതു വഴി ബാങ്ക് പലിശയിനത്തിൽ നഷ്ടം സംഭവിക്കുന്നതിനൊപ്പം കുടിശ്ശികത്തുക സെക്യൂരിറ്റി തുകയിൽനിന്ന് ക്രമീകരിക്കുന്ന സാഹചര്യത്തിലും ഗ്രാമപഞ്ചായത്തിന് ധനനഷ്ടത്തിന് സാധ്യതയുണ്ട്. വാടക വർദ്ധിപ്പിക്കുന്നതിനൊപ്പം സെക്യൂരിറ്റി നിക്ഷേപവും ആനുപാതിക വർദ്ധനവോടെ ഈടാക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-16 ലേലത്തുക പൂർണമായി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് 2023-24 വർഷത്തേക്ക് ലേലം ചെയ്ത് കയ്യൊഴിഞ്ഞിട്ടുള്ള വിവിധ കുത്തക അവകാശങ്ങളുടെ ലേലത്തിൽ അംഗീകരിച്ച തുക താഴെ പരാമർശിക്കുന്ന കുത്തകക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ലേല ഇനം	കുത്തകക്കാരന്റെ പേര്	ലേലത്തുക ₹	ഈടാക്കിയ തുക ₹	ഈടാക്കാൻ അവശേഷിക്കുന്ന തുക ₹
1	മഞ്ഞപ്പാറ ഭാഗം ഇറച്ചി വ്യാപാരം	ശ്രീ. അബ്ദുൾ അസീസ്	501000/-	501000/-	501000/-
2	പത്തു വളവ് ഭാഗം ഇറച്ചി വ്യാപാരം	ശ്രീ. സന്തോഷ് ജോസഫ്	6250/-	6250/-	6250/-
3	പടിഞ്ഞാറെക്കവല ബസ് സ്റ്റാൻഡ്	ശ്രീ. ഷാജി ഒറ്റപ്ലാക്കൽ	132000/-	100000/-	32000/-

അംഗീകരിച്ച ലേലത്തുക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/തീ.05.09.24) മറുപടി ലഭ്യമാക്കിയില്ല. ലേലത്തുകയിലെ കുറവ് ബന്ധപ്പെട്ട കുത്തകക്കാരിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-17 അധികമേൽക്കൂര പെർമിറ്റ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 74 പ്രകാരം മൂന്ന് നിലകൾ വരെയുള്ളതും ഉയരം 10 മീറ്ററിൽ കൂടാത്തതുമായ കെട്ടിടങ്ങൾക്ക് ടെറസിന് മുകളിൽ പരമാവധി 1.8 മീറ്റർ വരെ ഉയരത്തിൽ ഷീറ്റ്/ഓട് കൊണ്ടുള്ള ചെരിഞ്ഞ മേൽ കൂര നിർമ്മിക്കുന്നതിന് സെക്രട്ടറിക്ക് അനുമതി നല്കാവുന്നതാണ്. അപേക്ഷഫീസും പെർമിറ്റ് ഫീസും ഷെഡ്യൂൾ I, ഷെഡ്യൂൾ II എന്നിവയിലേതു പോലെ ആകേണ്ടതാണ്.

എന്നാൽ ഇത്തരത്തിലുള്ള മേൽക്കൂരകൾക്ക് പഞ്ചായത്തിൽ ഫീസീടാക്കി പെർമിറ്റ് അനുവദിക്കുന്നതായി കാണുന്നില്ല എന്ന് പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. ഇതു മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടവും ഉണ്ടാകുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ	പെർമിറ്റ് നമ്പർ, ഉടമ	പെർമിറ്റ് നല്കിയ തറ വിസ്തൃതി(ച.മീ)	ഈടാക്കിയ ഫീസ് (100 രൂപ നിരക്കിൽ) ₹	മേൽക്കൂര ഉൾപ്പെടുത്തി തറവിസ്തൃതി(ച.മീ)	ഈടാക്കേണ്ടിയിരുന്ന ഫീസ്(100രൂപ നിരക്കിൽ) ₹	കുറവ് ₹
1	A2-BA(248474)23 Dt.20-07-2023, സജിമോൻ ജോസഫ്	193.58	19538	387.16	38716	19538
2	A2-BA(376035)23 Dt.15-11-2023 സിജോ തങ്കച്ചൻ	219.95	21295	363.63(219.95+150.68)	36363	15068

സ.ഉ(കൈ)നം. 97/2024/ത.സ്വ.ഭ.വ തീ 30.07.2024 നമ്പർ ഉത്തരവ് പ്രകാരം പെർമിറ്റ് ഫീസിൽ കുറവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 101-300 ച.മീ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസ് ചതുരശ്ര മീറ്ററിന് 50 രൂപയാണ്. അധികമായി ഈടാക്കിയ തുകയിൽ നിന്നും ക്രമീകരിച്ച്/ അധിക തുക ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. തൻ വർഷം പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്കുള്ള പ്ലാനുകൾ പുന പരിശോധിച്ച് 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 74 പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-18 സിന്തറ്റിക് ട്രാക്ക് സ്റ്റേഡിയം - ഫീസ് പിരിവിലെ അപാകത

നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് സിന്തറ്റിക് ട്രാക്ക് സ്റ്റേഡിയത്തിൽ കെയർ ടേക്കർ കം സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ ഫീസ് പിരിവിനായി പഞ്ചായത്ത് മൂന്നു പേരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫീസ് കളക്ഷന്റെ രസീത് ബുക്കുകൾക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. പ്രവേശന ഫീസിന്റെ അതത് ദിവസത്തെ പിരിവ് തുകയുടെയും തുക ഒടുക്കുന്നതിന്റെയും വിശദാംശങ്ങൾ കളക്ഷൻ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. രസീത് ബുക്കുകൾ സ്റ്റോക്കിൽ ചേർത്ത് വിതരണം നടത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

1-19 നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന നിക്ഷേപപ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ക്രമനം	പ്രോജക്റ്റിന്റെ പേര്	അടച്ചതുക, ബിൽ നം/വൗച്ചർ നം	തുക കൈപ്പറ്റിയ ഏജൻസി
1	ഇൻഡോർ സ്റ്റേഡിയം ട്രാൻസ്ഫോമർ സ്ഥാപിക്കൽ- പ്രോജക്റ്റ് നം.21/24. ഫണ്ട്- തനത് ഫണ്ട്.	₹731555/- തീ.10/08/2023	കെ.എസ്.ഇ.ബി ലിമിറ്റഡ്.
2	പുന്നക്കവല റോഡിലെ ഇലക്ട്രിക് പോസ്റ്റ് നീക്കം ചെയ്യൽ- പ്രോജക്റ്റ് നം.248/24	₹48979/- 23100452012900429848/10.08.2023	കെ.എസ്.ഇ.ബി ലിമിറ്റഡ്.

വാർഷികകണക്കിൽ നിക്ഷേപ്രവൃത്തി എന്ന ഇനത്തിൽ തുകയൊന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല. നിക്ഷേപ പ്രവൃത്തി എന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്യുന്നതിന് പകരം യഥാർത്ഥ ചെലവായി ബുക്ക് ചെയ്തിരിക്കുന്നു. ഇത് വാർഷിക കണക്കിലെ ഒരു അപാകതയാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹780534/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിനായി സെക്രട്ടറി വിവിധ ഏജൻസികൾക്ക് നൽകിയിരിക്കുന്ന തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ക്രമനം	പ്രോജക്റ്റിന്റെ പേര്	അടച്ചതുക, ബിൽ നം/വൗച്ചർ നം	തുക കൈപ്പറ്റിയ ഏജൻസി
1	എസ്.എസ്.എ. വിഹിതം. പ്രോജക്റ്റ് നം. 2/24. ഫണ്ടിനം- വികസന ഫണ്ട്.	₹1300000/- 23100452012900429839/10.08.2023 ₹500000/- 23100452012900518904/05.09.2023	എസ്. എസ്. കെ. ബ്ലോക്ക് കോ ഓർഡിനേറ്റർക്ക് നൽകിയതുക
2.	എസ്.എസ്.എ. വിഹിതം. (എസ്.സി) പ്രോജക്റ്റ് നം. 6/24. ഫണ്ടിനം- വികസന ഫണ്ട്.	₹700000/- 23100452012900544911/10.08.2023	എസ്. എസ്. കെ. ബ്ലോക്ക് കോ ഓർഡിനേറ്റർക്ക് നൽകിയതുക
3	പി എം എ വൈ പഞ്ചായത്ത് ഷെയർ (എസ്. സി). 316/23-24. ഫണ്ടിനം- വികസന ഫണ്ട്.	₹500000/- 23100452012900544911/10.08.2023	ബ്ലോക്ക് ഡെലവപ്മെന്റ് ഓഫീസിന് നൽകിയ തുക
4	പി എം എ വൈ പഞ്ചായത്ത് ഷെയർ (എസ്. ടി). 316/23-24. ഫണ്ടിനം- വികസന ഫണ്ട്.	₹70000/- 23100452012900778396/10.11.2023	ബ്ലോക്ക് ഡെലവപ്മെന്റ് ഓഫീസിന് നൽകിയ തുക

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ₹3070000 /- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 മുട്ടക്കോഴി വിതരണം - അധികരിച്ച് സബ്സിഡി നൽകി - നഷ്ടം ₹25950/-

പദ്ധതി നം	315/2024
പദ്ധതിയുടെ പേര്	വനിതകൾക്ക് മുട്ടക്കോഴി വിതരണം
നിർവ്വഹണം	വെറ്ററിനറി സർജൻ
ഫണ്ടിനം	വികസന ഫണ്ട് ജനറൽ
അടങ്കൽ/ ചെലവ്	വികസന ഫണ്ട് - 900000/337350
	ഗുണഭോക്തൃ വിഹിതം - 75000/-

മേൽ പദ്ധതി പ്രകാരം താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം തുക മാറി നൽകിയിട്ടുണ്ട്.

ക്രമ നം	ബിൽ നം, തുക	സ്ഥാപനം	ഇൻവോയിസ് നം	എണ്ണം	വില (ഒന്നിന്) ₹	ആകെ₹	നൽകിയ തുക₹
1	23100452010201511048/ 25-3-24, ₹ 97500	പ്രിയ പൗൾട്രി ഫാം	131/16-3-24	750	140	105000	97500
2	23100452010201511042/ 25-3-24, ₹ 97500/-	പ്രിയ പൗൾട്രി ഫാം	80/14-3-24	750	130	97500	97500
3	23100452010201528245/ 25-3-24, ₹ 142350/	വെള്ളാംകണ്ടത്തിൽ ഫാം	85/21-3-24	1095	130	142350	142350
ആകെ				2595			

സർക്കാർ ഉത്തരവ് (കൈ) നം. 115/2022/LSGD തീയതി 28-5-2022 പ്രകാരം 5 കോഴിക്കുഞ്ഞുങ്ങൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിന്റെ വില ₹ 600/- (ഒന്നിന് ₹120/-) ആണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ഒരു കോഴിക്കുഞ്ഞിന് ₹10/- അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (1/3-9-2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികം നൽകിയ തുകയായ ₹25950/- (2595*10) നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-22 ഭവനപുനരുദ്ധാരണം തുക കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

1) വീട് മെയിന്റനൻസ് - എസ്സ്.സി.പി

പദ്ധതി നം	57/2024
പദ്ധതിയുടെ പേര്	വീട് മെയിന്റനൻസ് - എസ്സ്.സി.പി
ഫണ്ടിനം	വികസന ഫണ്ട് - സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ
അടങ്കൽ/ചെലവ്	3000000/1529910

വീട് മെയിന്റനൻസിനായി താഴെ വ്യക്തമാക്കുന്ന ഗുണഭോക്താക്കൾക്ക് മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ ധനസഹായം ₹
1	നെകിൽ കെ ആർ, നെടുങ്കണ്ടം	50000
2	പളനിസ്വാമി, മേയംപട്ടക്കാലായിൽ, രാമക്കൽമേട്	49860
3	വിജയമ്മ മിൽക്കീസ്, നെടുങ്കണ്ടം	49750

4	അമ്മിണി മണി, മഞ്ഞപ്പാറ	50000

2) വീട് മെയിന്റനൻസ് - ജനറൽ

പദ്ധതി നം	49/2024
പദ്ധതിയുടെ പേര്	വീട് മെയിന്റനൻസ് - ജനറൽ
ഫണ്ടിനം	വികസന ഫണ്ട് - ജനറൽ
അടങ്കൽ/ചെലവ്	3000000/1529910

വീട് മെയിന്റനൻസിനായി താഴെ വ്യക്തമാക്കുന്ന ഗുണഭോക്താക്കൾക്ക് മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ ധനസഹായം ₹
1	ബിജുകുമാർ എസ്, പുത്തൻപുരയ്ക്കൽ	25000
2	ശാന്തമ്മ ചെല്ലപ്പൻപിള്ള	25000
3	ജെയ്സൺ ജോർജ്	24800
4	ലൈലാമ്മ ഇളംപുരയിടത്തിൽ	25000
5	ഷാജി വർഗീസ, തൊട്ടുവനാൽ	24900
6	ഹാജിറ ഷാജി, ഈറയ്ക്കൽ	25000
7	ഏലിയാമ്മ തോമസ്, പുത്തൻപുരയ്ക്കൽ	25000
8	രാധാമണി, എണ്ണിക്കാട്ടിൽ	24900
9	സെലിൻ മൈക്കിൾ, കേലമലയിൽ	25000
10	രാജലക്ഷ്മി രാധാകൃഷ്ണൻ, പല്ലാട്ടുതറയിൽ	25000
11	അന്നമ്മ തോമസ്, ചാലുവിള	25000
12	സുരേഷ് എൻ ആർ, മധുമല	25000
13	ശാന്ത രാജൻ, മലയിൽമുണ്ടയിൽ	25000
14	ബിന്ദുമണി പുത്തൻവീട്ടിൽ	25000
15	ഷൈവി വിനോദ്, കോരാത്ത്	25000
16	സഹദേവൻ പഴയാങ്കൽ	25000
17	ജോസ് ചിറയിൽ, മേലേചിന്നാർ	25000

ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടിയില്ലാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (8/4-9-24) നൽകിയ മറുപടിയിൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ

ലൈഫ് ഭവന പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ താഴെ വ്യക്തമാക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കാണുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	ആദ്യ ഗഡു കൈപ്പറ്റിയ തീയതി	അവസാന ഗഡു കൈപ്പറ്റിയ തീയതി	ആകെ കൈപ്പറ്റിയ തുക

1	ചന്ദ്ര രാജേന്ദ്രൻ, തോട്ടംകര പുത്തൻവീട്	2-9-2021	3-6-2022	360000
2	സാലി എ.എൻ, Block No 171	2-9-2021	7-5-2021	360000
3	അമ്പിളി റജി, പുതുപ്പള്ളിക്കരയിൽ	2-9-2021	3-6-2022	360000
4	ബിജു ഭാസ്കർ, മാങ്ങോട്ടുകുന്നേൽ	2-9-2021	3-6-2021	340000
5	സുരേന്ദ്രൻ കൊച്ചുപ്ലാക്കൽ	2-9-2021	24-8-2022	300000
6	കറുത്തപാണ്ടി, റ്റി.വി.റ്റി എസ്റ്റേറ്റ്	21-3-2022	21-3-2022	40000
7	മധുരവീരൻ, പുത്തൻപറമ്പിൽ	31-3-2021	18-5-2023	360000
8	സാനു കെ.ആർ, കാഞ്ഞിരക്കാട്	6-7-2022	16-1-2024	360000
9	റോബ് കെ.സി. ക്രോമ്പറ്റക്കുന്നേൽ	25-10-2021	7-5-2021	535000
10	ശിവൻ മണി, മണിക്കാവിൽ	13-10-2021	14-2-2023	590000
11	റാണി ചന്ദ്രൻ, ആനന്ദഭവനം	11-2-2022	14-2-2023	590000
12	അനീഷ് ആനന്ദഭവനം	9-3-2022	14-2-2023	560000
13	റോജി ചന്ദ്രൻ, ആനന്ദഭവൻ	11-2-2022	14-2-2023	590000
14	ഉമേഷ് കെ.യു, കാലായിൽ	6-11-2020	6-11-2020	40000
15	മേരിക്കുട്ടി മാത്യൂ, എറുത്തുകുന്നേൽ	10-2-2021	7-12-2022	360000
16	റോസ്സ കോശി, കിഴക്കേക്കര	26-2-2021	31-12-2021	360000
17	രമ്യ ഷൈജു, ചോകോത്തിപ്പറമ്പിൽ	20-2-2021	24-3-2023	360000
18	ബൈജു മാമൻ, പടിഞ്ഞാറേവീട്	27-10-2022	4-8-2023	360000
19	റോസ്സമ്മ മത്തായി, ഈറ്റോലിൽ	16-5-2022	7-12-2022	390000
20	ബിന്ദു അശോകൻ, പാലയ്ക്കാപ്പറമ്പിൽ	16-5-2022	29-6-2024	360000
21	അമ്പിളി കുഞ്ഞുമോൻ, കാഞ്ഞിരത്തുംമൂട്ടിൽ	27-10-2022	3-7-2023	360000
22	അശ്വതി തങ്കപ്പൻനായർ, ശാന്തവിലാസം	16-5-2022	7-12-2022	200000
23	ഷാജി കെ വി, കാളിയാനിൽ	16-5-20222	9-6-2023	200000
24	ഷീജ പി ഷാജി, പാറക്കുന്നേൽ	16-5-2022	16-5-2021	40000
25	രാധാമണി പാറയിൽ	16-5-2022	29-6-2024	360000
26	കുമാരി രാജു, കളത്തിൽ	16-5-2022	10-7-2023	300000
27	ഷീബ സുനിൽ, പുതുപ്പറമ്പിൽ	16-5-2022	10-2-2023	300000

ഭവന നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/4-9-2024) നൽകിയ മറുപടിയിൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തിയാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ പാർപ്പിട സുരക്ഷാ പദ്ധതി (ജനറൽ, എസ്.സി.പി & ടി.എസ്.പി) പ്രകാരമുള്ള

ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാർ അനുസരിച്ച്, 6 മാസത്തിനകം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ഭവനനിർമ്മാണം പൂർത്തിയാക്കുന്നതാണെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥനാണെന്നും സമ്മതിച്ചിട്ടുണ്ട്. ആയതിനാൽ ഭവന നിർമ്മാണം ആരംഭിക്കാത്ത/ പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയെ അറിയിക്കേണ്ടതും നിർമ്മാണം പൂർത്തിയാക്കുന്നില്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-24 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നടപ്പാക്കിയ പദ്ധതിയുടെ ഫയൽ ഹാജരാക്കിയില്ല - തടസ്സം-₹602627/-

തൻവർഷത്തിൽ മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന പദ്ധതിയുടെ ഫയലുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ്.നം	അടങ്കൽ തുക ₹	ചെലവ് തുക₹
രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - 335/23-24	1239000/- (ഹെൽത്ത് ഗ്രാന്റ്)	602627

സെക്രട്ടറിയുടെ പേരിലുള്ള Ac.No. 40871563928 SBIN നെടുംകണ്ടം-ബാങ്ക് പാസ് ബുക്ക് പ്രകാരം യഥാർത്ഥ ചെലവ്

ട്രാൻസാക്ഷൻനം./ ചെലവ് തീയതി	തുക ₹
CO32430033863/14.03.2024	99778
CO3243007672714/03.2024	99992
24.03.2024 (ബിൽ തീയതി)	188746 (ചെലവ് നടന്നിട്ടുണ്ടെങ്കിലും പാസ് ബുക്കിൽ തുക രേഖപ്പെടുത്തിയിട്ടില്ല.)
CO32475328396/26.03.2024	7365
CO32475323720/26.03.2024	90196
CO32430075338919/26.03.2024	11250
CO3247500804/27.03.2024	96900

ആകെ	602627

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് കാണിച്ചിരിക്കുന്ന ആകെ ചെലവ് തുകയായ ₹9,20,690/- ൽ ₹3,18,063/- യുടെ ബിൽ സമർപ്പിക്കുകയും ആയത് വെബ് സാംഖ്യ മുഖേന സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് രേഖപ്പെടുത്തിയെങ്കിലും സെക്രട്ടറിയുടെ പേരിലുള്ള നെടുംകണ്ടം S B I ശാഖയിലെ A/C നമ്പർ 40871555996 ബാങ്ക് പാസ് ബുക്ക് പ്രകാരം ഈ തുക മെഡിക്കൽ ഓഫിസർക്ക് നൽകുകയോ ചെലവ് നടത്തുകയോ ചെയ്തിട്ടില്ല. (യഥാർത്ഥ ചെലവ് ₹602627/-മാത്രമാണ്(9,20,690-3,18,063).സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് വിവരം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

ഫയലുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/5.9.24) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ പ്രസ്തുത പദ്ധതിക്കായി ചെലവാക്കിയ തുക ₹602627/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ, വയോരക്ഷാ എന്നീ പദ്ധതികളിൽ - അപാകതകൾ

1. പാലിയേറ്റീവ് കെയർ

പ്രൊജക്ട് നമ്പർ / പേര്	13/24 — പാലിയേറ്റീവ് കെയർ
നിർവ്വഹണ ഉദ്യോഗസ്ഥൻ.	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)
അടങ്കൽ തുക.	₹ 15,00,000/- (വികസന ഫണ്ട് - ജനറൽ)
വിനിയോഗിച്ച തുക.	₹14,41,448/-

2023-24 സാമ്പത്തിക വർഷത്തിൽ പാലിയേറ്റീവ് കെയർ പദ്ധതിക്കായി ₹14,41,448/- ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1) വാഹന വാടകയിന്മേൽ ആദായ നികുതി ഈടാക്കിയിട്ടില്ല.

പാലിയേറ്റീവ് പ്രോജക്ടിന്റെ ഭാഗമായി ഗൃഹസന്ദർശനം നടത്തുന്നതിനായി കരാർ പ്രകാരം ദിവസം ₹1,399/- നിരക്കിൽ ഓഡിറ്റ് വർഷം വാഹന വാടകയായി ആകെ ₹5,58,250/- ശ്രീ. ജോമോൻ എബ്രഹാം എന്ന കരാറുകാരന് നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് നിയമം സെക്ഷൻ 194 C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ₹30,000/- ന് മേൽ നൽകുന്ന തുകകൾക്കും ഒരു സാമ്പത്തിക വർഷം ഒരു ലക്ഷം രൂപയ്ക്ക് മേൽ നൽകുന്ന തുകകൾക്കും ടി.ഡി.എസ് ഈടാക്കേണ്ടതാണ്. വ്യക്തികളുടെ PAN ന്റെ അടിസ്ഥാനത്തിലാണ് തുക നൽകുന്നതെങ്കിൽ 1% വും സ്ഥാപനത്തിന്റെ PAN ന്റെ അടിസ്ഥാനത്തിലാണ് തുക നൽകുന്നതെങ്കിൽ 2% വും ടി.ഡി.എസ് ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതും Quarterly Filing ചെയ്യേണ്ടതുമാണ്. എന്നാൽ

മെഡിക്കൽ ഓഫീസർ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ.	കരാറുകാരൻ	ബിൽ നമ്പർ / തീയ്യതി	വാഹന വാടക നൽകിയത് ₹	ഈടാക്കേണ്ടിയിരുന്ന ആദായനികുതി ₹
1	ജോമോൻ അബ്രഹാം	23100552010000192913 /14.06.2023	52800	2,90,400 X 1% = ₹2,904/-
2		23100552010000286643/ 07.07.2023	26400	
3		23100552010000454229 /17.08.2023	26400	
4		23100552010000579818 /22.09.2023	26400	
5		23100552010000698756 /27.10.2023	26400	
6		23100552010000776303 /10.11.2023	26400	
7		23100552010000940156 /15.12.2023	26400	
8		23100552010001492825 /24.03.2023	26400	
9		23100552010001493069 /24.03.2023	26400	
10		23100552010001493350 /24.03.2023	26400	
ആകെ			2,90,400/-	2904/-

കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കി സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2) മരുന്നുകൾ ലഭ്യമായില്ല.

പാലിയേറ്റീവ് പദ്ധതിക്ക് മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി സർവ്വീസ് കോർപ്പറേഷന് താഴെ പറയും പ്രകാരം ₹8,55,658/- നല്കിയിരുന്നു.

ക്രമ നമ്പർ.	ബിൽ നമ്പർ/തീയതി.	നൽകിയ തുക ₹	ലഭിച്ച മരുന്നുകളുടെ വില ₹	ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില ₹
1	23100552010000909618 /08.12.2023	255658/-	135587	120071
2	231005520100001492876 /24.03.2023	600000/-	97037	502963
ആകെ		855658	232624	623034

മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II.വയോരക്ഷാ പദ്ധതി

പ്രൊജക്ട് നമ്പർ / പേര്	12/24 – വയോരക്ഷ പദ്ധതി
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)
അടങ്കൽ തുക	₹20,00,000/- (വികസന ഫണ്ട് - ജനറൽ)
വിനിയോഗിച്ച തുക	₹ 18,70,391/-

2023-24 സാമ്പത്തിക വർഷത്തിൽ വയോരക്ഷാ പദ്ധതിക്കായി ₹18,70,391/- ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1) വാഹന വാടകയിന്മേൽ ആദായ നികുതി ഈടാക്കിയിട്ടില്ല.

വയോരക്ഷ പ്രോജക്ടിന്റെ ഭാഗമായി ഗൃഹസന്ദർശനം നടത്തുന്നതിനായി വാഹന വാടക ഇനത്തിൽ കരാർ പ്രകാരം ദിവസം ₹1,399/- നിരക്കിൽ ഓഡിറ്റ് വർഷം ആകെ ₹2,57,416/- ശ്രീ.ജോഷി എബ്രഹാം എന്ന കരാറുകാരന് നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് നിയമം സെക്ഷൻ 194 C പ്രകാരം വാഹന വാടക ഇനത്തിൽ ഈടാക്കേണ്ട ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കരാറുകാരൻ	ബിൽ നമ്പർ / തീയ്യതി	വാഹന വാടക നൽകിയത് ₹	ഈടാക്കേണ്ടിയിരുന്ന ആദായനികുതി ₹
1	ജോഷി അബ്രഹാം	2310055201000027940 1/ 07.07.2023	68551	2574/-
2		2310055201000045422 1 /17.08.2023	25182	
3		2310055201000057981 6 /22.09.2023	23783	
4		2310055201000072020 6 /1.11.2023	22384	
5		2310055201000077631 2 /10.11.2023	22384	
6		2310055201000094014 9 /15.12.2023	23783	
7		2310055201000149278 1 /24.03.2024	23783	
8		2310055201000149292 3 /24.03.2024	23783	
9		2310055201000149359 1 /24.03.2024	23783	
10				
ആകെ			2,57,416/-	

കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കി സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2) മരുന്നുകൾ ലഭ്യമായില്ല.

വയോരക്ഷാ പദ്ധതിക്ക് മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി സർവ്വീസ് കോർപ്പറേഷന് താഴെ പറയും പ്രകാരം ₹400000/- നല്കിയിരുന്നു.

ക്രമ നമ്പർ	ബിൽ നമ്പർ/തീയതി	നൽകിയ തുക ₹	ലഭിച്ച മരുന്നുകളുടെ വില ₹	ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില ₹
1	23100552010000909613 /08.12.2023	400000/-	363960	36040

വാഹന വാടകയിന്മേൽ ആദായ നികുതി ഈടാക്കേണ്ടതും ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/5.9.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-26 റോഡ് പ്രവൃത്തികളിൽ പൊട്ടിച്ചെടുത്ത കരിങ്കല്ല് ലേലം ചെയ്തിട്ടില്ല

2023-24 വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന റോഡ് പ്രവൃത്തികളിൽ പൊട്ടിച്ചെടുത്ത കരിങ്കല്ല് നാളിതുവരെ സ്റ്റാക്ക് ചെയ്ത് വാല്യുവേഷൻ കണക്കാക്കി സെക്രട്ടറിയെ അറിയിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ലേലം ചെയ്ത നൽകുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1)ഒട്ടുവേലിപ്പടി കമ്മ്യൂണിറ്റി ഹാൾ റോഡ് കോൺക്രീറ്റിംഗ്

പ്രവൃത്തി, അടങ്കൽ	ഒട്ടുവേലിപ്പടി കമ്മ്യൂണിറ്റി ഹാൾ റോഡ് കോൺക്രീറ്റിംഗ് (No. 282/23-24), അടങ്കൽ തുക ₹300000/- (മെയിന്റനൻസ് ഫണ്ട്-റോഡ്)
എസ്റ്റിമേറ്റ് നമ്പർ	66984/23-24
സാങ്കേതിക അനുമതി തുക	38246/23-24-₹300000/-
നിരക്കും കോസ്റ്റ് ഇൻഡക്സും	MORD- 2018 , Cost Index 41.53%
കരാറുകാരൻ	ഹരികൃഷ്ണൻ
കരാർ നമ്പർ	37/AE/LSGD/NDKM/23-24 Dated 07.12.2023
അളവ് പുസ്തകം	E-MBook
ആകെ മൂല്യ നിർണ്ണയം	₹244374/-

പണം നൽകിയതിന്റെ വിവരം	ബിൽ നമ്പർ 23100452013001502256/ 24.3.24, ₹244374/- (ഫൈനൽ ബിൽ)
അളവ് ബുക്ക് പ്രകാരം പൊട്ടിച്ചെടുത്ത കരിങ്കല്ലിന്റെ അളവ്	24.275 M^3
കരിങ്കല്ല് പൊട്ടിച്ചെടുക്കുന്നതിന് ചെലവാക്കിയ തുക (₹)	28644.50 1180 X 24.275

2) ബസ് സ്റ്റാന്റ് ഓട നിർമ്മാണം

പ്രവൃത്തി, അടങ്കൽ.	ബസ് സ്റ്റാന്റ് ഓട നിർമ്മാണം (No. 149/23-24), അടങ്കൽ തുക ₹1500000/- ₹1000000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹500000/-തനത് ഫണ്ട്
എസ്റ്റിമേറ്റ് നമ്പർ.	8707/23-24
സാങ്കേതിക അനുമതി തുക.	34256/23-24-₹1499400/-
നിരക്കും കോസ്റ്റ് ഇൻഡക്സും.	MORD- 2018, Cost Index 41.53%
കരാറുകാരൻ.	സജിമോൻ പി.
കരാർ നമ്പർ.	62/AE/LSGD/NDKM/22-23 Dated 16.03.2023
അളവ് പുസ്തകം.	E-MBook
ആകെ മൂല്യ നിർണ്ണയം.	₹1498844/-
പണം നൽകിയതിന്റെ വിവരം.	വൌച്ചർ നം. 22301223/22.03.2024
അളവ് ബുക്ക് പ്രകാരം പൊട്ടിച്ചെടുത്ത കരിങ്കല്ലിന്റെ അളവ്	79.64 M^3
കരിങ്കല്ല് പൊട്ടിച്ചെടുക്കുന്നതിന് ചെലവാക്കിയ തുക₹	133367.12

3)ഒട്ടുവേലിപ്പടി കമ്മ്യൂനിറ്റി ഹാൾ റോഡ് കോൺക്രീറ്റിംഗ്

പ്രവൃത്തി, അടങ്കൽ.	ഒട്ടുവേലിപ്പടി കമ്മ്യൂണിറ്റി ഹാൾ റോഡ് കോൺക്രീറ്റിംഗ് (No. 205/23-24), അടങ്കൽ തുക ₹200000/-വികസന ഫണ്ട്-ജനറൽ
എസ്റ്റിമേറ്റ് നമ്പർ.	10055/23-24
സാങ്കേതിക അനുമതി തുക.	100917/23-24-₹200000/-
നിരക്കും കോസ്റ്റ് ഇൻഡക്സും.	MORD- 2018 , Cost Index 41.53%
കരാറുകാരൻ.	സജി എസ്
കരാർ നമ്പർ.	88/AE/LSGD/NDKM/22-23 Dated 22.03.2023
അളവ് പുസ്തകം.	E-MBook
ആകെ മൂല്യ നിർണ്ണയം.	₹199782/-
പണം നൽകിയതിന്റെ വിവരം.	ബിൽ റഫറൻസ് നം.23100452013001502033/ 24.3.24, ₹199782/-
അളവ് ബുക്ക് പ്രകാരം പൊട്ടിച്ചെട്ടുത്ത കരിങ്കല്ലിന്റെ അളവ്	15.719 M^3
കരിങ്കല്ല് പൊട്ടിച്ചെട്ടുക്കുന്നതിന് ചെലവാക്കിയ തുക₹	22417.81

4) കേശവപ്പിള്ളപടി ചന്ദ്രൻപടി കലുങ്ക് മെയിന്റനൻസ്

പ്രവൃത്തി, അടങ്കൽ.	കേശവപ്പിള്ളപടി ചന്ദ്രൻപടി കലുങ്ക് മെയിന്റനൻസ് (No. 216/23-24), അടങ്കൽ തുക ₹262946/-മെയിന്റനൻസ് ഗ്രാന്റ്-റോഡ്
എസ്റ്റിമേറ്റ് നമ്പർ.	1769/23-24

സാങ്കേതിക അനുമതി തുക.	85644/22-23
നിരക്കും കോസ്റ്റ് ഇൻഡക്സും.	MORD- 2018, Cost Index 41.53%
കരാറുകാരൻ.	പ്രതീഷ് വി.പി
കരാർ നമ്പർ.	46/AE/LSGD/NDKM/22-23 Dated 14.02.2023
അളവ് പുസ്തകം.	E-MBook
ആകെ മൂല്യ നിർണ്ണയം.	₹258684/-
പണം നൽകിയതിന്റെ വിവരം.	ബിൽ റഫറൻസ് നം.2310045201300268040/ 3.7.23, ₹258684/-
അളവ് ബുക്ക് പ്രകാരം പൊട്ടിച്ചെടുത്ത കരിങ്കല്ലിന്റെ അളവ്	23.100 M^3
കരിങ്കല്ല് പൊട്ടിച്ചെടുക്കുന്നതിന് ചെലവാക്കിയ തുക₹	38685.80

പ്രസ്തുത പദ്ധതികളിൽ പൊട്ടിച്ചെടുത്ത കരിങ്കല്ല് ലേലം ചെയ്ത് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/5.9.24) മറുപടി ലഭ്യമാക്കിട്ടില്ല.

1-27 മൈനർസിറ്റി കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് (201/23-24) ടോയ്‌ലറ്റ് സമുച്ചയം പ്രവർത്തനക്ഷമമാക്കിയിട്ടില്ല

അടങ്കൽ/ ചെലവ്	₹600000/- (തനത് ഫണ്ട്)
എസ്റ്റിമേറ്റ് നം.	1557/23-24
ടി എസ്	85407/2022-23 (Cost Index 41.53% DsoR 2018)
കരാർ	82/2022-23/AE/NDKM/18.03.2023
എം.ബുക്ക്	E Mbook
വൗച്ചർ നം-തീയതി/തുക	22300960/8.8.23/₹484838/-

	22300706/11.9.23/₹59117/-
കരാറുകാരൻ	ശ്രീ.ബി.ശശിധരൻ നായർ
നിർവ്വഹണം	അസി.എഞ്ചിനീയർ

മൈനർസിറ്റി കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് ചെയ്യുന്നതിനായി താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെടുത്തി ആവിഷ്കരിച്ച പദ്ധതിയാണിത്.

Roofing Sheet

Ceiling

Toilet Construction

ഇതിൽ ടോയ്‌ലറ്റ് നിർമ്മാണത്തിനായി ₹1,97,000/- ചെലവാക്കിയിട്ടുണ്ട്. എന്നാൽ ടോയ്‌ലറ്റ് സമുച്ചയത്തിൽ നാളിതുവരെ വെള്ളത്തിനായുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. നിലവിൽ ടോയ്‌ലറ്റ് ഉപയോഗിക്കാത്തതിനാൽ കാട് കയറി ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്. ടോയ്‌ലറ്റിനായി ചെലവാക്കിയ തുക പാഴ്ചെലവായി മാറിയിരിക്കുന്നു. കൂടാതെ കമ്മ്യൂണിറ്റി ഹാളിൽ വൈദ്യുതി സംവിധാനം ഏർപ്പെടുത്തിയിട്ടുമില്ല. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ കെട്ടിട മെയിന്റനൻസിനായി തുക ചെലവാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. ടോയ്‌ലറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/5.9.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-28 മരാമത്ത് മേഖലയിൽ പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയില്ല- വകയിരുത്തിയ ഫണ്ടിൽ വൻ തുക ലാപ്സായി

അസി. എഞ്ചിനീയറുടെ പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

	സ്പിൽ ഓവർ	പുതിയത്	ആകെ
അംഗീകരിച്ച പ്രോജക്ടുകൾ	67	95	162
നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ	34	72	106
നിർവ്വഹണം നടത്താത്ത പ്രോജക്ടുകൾ	33	23	56
വകയിരുത്തിയ ഫണ്ട്			86678902

ചെലവഴിച്ചത്			29621245
ചെലവ് ശതമാനം			34.17%

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ മരാമത്ത് പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കി സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് ഫണ്ട് ചെലവഴിക്കാൻ കഴിയാത്തതിനാൽ റോഡ്/ റോഡിതര മെയിന്റനൻസ് ഗ്രാന്റിനത്തിൽ വൻ തുക ഗ്രാമ പഞ്ചായത്തിന് ലാപ്സായി. പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും ആസ്തി സംരക്ഷണത്തിനും അതു വഴി പൊതു സമൂഹത്തിന്റെ ഉന്നമനത്തിനും നാടിന്റെ വികസനത്തിനും വേണ്ടി വിനിയോഗിക്കേണ്ടതായ ഫണ്ടാണ് പദ്ധതി നിർവ്വഹണത്തിലെ പഞ്ചായത്തിന്റെ ജാഗ്രതക്കുറവ് കാരണം വിനിയോഗിക്കാനാവാതെ ലാപ്സായത്.

ലാപ്സായ ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അലോട്ട്മെന്റ് ₹	ചെലവഴിച്ച തുക₹	ബാലൻസ് (ലാപ്സായത്)₹
എം.ജി. (റോഡ്)	15196650	11949669	3246981
എം.ജി. (നോൺറോഡ്)	3954600	3728815	225785

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയെ ഉന്നത നിലവാരത്തിലേക്കുയർത്തുന്നതിനും ഉപയോഗപ്പെടുത്താമായിരുന്ന റോഡിതര മെയിന്റനൻസ് ഫണ്ടും ലാപ്സായതിൽ ഉൾപ്പെടുന്നു. നിർവ്വഹണം നടത്തുന്നതിന് അംഗീകാരം വാങ്ങിയ 162 പ്രോജക്ടുകളിൽ 56 പ്രോജക്ടുകൾക്കും ബിൽ തുക നൽകാൻ കഴിഞ്ഞില്ല.

<u>സ്പിൽഓവർ പ്രോജക്ടുകൾ പൂർത്തീകരിക്കാൻ സാധിച്ചില്ല.</u>

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിരുന്ന 67 പ്രോജക്ടുകൾ പ്രസ്തുത വർഷത്തിൽ പൂർത്തീകരിക്കാനാവാതെ 2023-24 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ടി- പ്രവൃത്തികളിൽ 33 പ്രവൃത്തികൾ 2023-24 വർഷത്തിലും പൂർത്തിയാക്കുകയോ ബിൽ തുക നൽകുകയോ ചെയ്തിട്ടില്ല. അംഗീകാരം ലഭിച്ച് നിർവ്വഹണ നടപടികൾ ആരംഭിച്ച് ഏറ്റെടുത്ത വർഷത്തിനുള്ളിൽ ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം നടത്താൻ കഴിയാത്തതിനാലാണ് അവ പൂർത്തീകരിക്കുന്നതിന് അടുത്ത വാർഷിക പദ്ധതിയിൽ സ്പിൽഓവർ പ്രോജക്ടുകളായി പരിഗണിക്കുന്നത്. എന്നാൽ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കുന്ന

പ്രസ്തുത പ്രവൃത്തികൾ അവ സ്പിൽഓവർ ആയ വർഷവും പൂർത്തീകരിച്ചിട്ടില്ല. ഉദാ. മഞ്ചനമെട്ട് ടൂറിസം പദ്ധതി (197/23-24), പൊതു പൈപ്പ്ലൈൻ സ്ഥാപിക്കൽ (166/23-24). ഇക്കാരണത്താൽ പ്രസ്തുത പ്രോജക്ടുകൾ വീണ്ടും സ്പിൽ ഓവർ ആവുകയും സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം കൂടാൻ കാരണമാകുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല വകയിരുത്തിയ ഫണ്ട് ലാപ്സാകുന്നതിനും പ്രോജക്ട് തയ്യാറാക്കിയതിലൂടെ ആ പ്രദേശത്തെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പാലിക്കപ്പെടാതെ വരികയും ചെയ്തിട്ടുണ്ട്. സ്പിൽഓവർ പദ്ധതികൾ ഉപേക്ഷിക്കാതെ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മറ്റ് അപാകതകൾ

ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽർ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ആസ്തി രജിസ്റ്റർ കാലികമാക്കി വിവരം അറിയിക്കേണ്ടതാണ്.

മോണിട്ടറിംഗ്

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തി.19/04/2022 പദ്ധതി മാർഗ്ഗ രേഖ പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്നും മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിട്ടറിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധം മോണിട്ടറിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ ആകെ പ്രൊജക്ടുകളുടെ ഒരു ശതമാനം പ്രൊജക്ടുകളെങ്കിലും റാൻഡം രീതിയിൽ തിരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഗുണ നിലവാരമുള്ള

പരിശോധനക്ക് വിധേയമാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ അപ്രകാരം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

പ്രൊജക്ട് രജിസ്റ്റർ

ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P)No 177/2006/Fin Dt 28.04.2006 പ്രകാരം എഴുതി സൂക്ഷിക്കാൻ നിർദ്ദേശിച്ച പ്രൊജക്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ

മരാമത്ത് പ്രവൃത്തികൾക്ക് വിവിധ കരാറുകാർ സമർപ്പിച്ച പെർഫോമൻസ് ഗ്യാരണ്ടി, അഡീഷനൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ട സെക്യൂരിറ്റി രജിസ്റ്റർ എഴുതിയിട്ടുണ്ടെങ്കിലും ആയതിൽ പ്രവൃത്തി പൂർത്തീകരണ തിയ്യതി, ഡിഫക്ട് ലയബിലിറ്റി പിരിയഡ്, ഡെപ്പോസിറ്റിന്റെ പ്രസക്ത വിവരങ്ങൾ എന്നിങ്ങനെയുള്ള അനിവാര്യമായ പല വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

കരാറുകാർ നൽകുന്ന ഡെപ്പോസിറ്റിന്റെ വിശദ വിവരങ്ങൾ പ്രവൃത്തി ഡിഫക്ട് ലയബിലിറ്റി കാലയളവ്, പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി ഉൾപ്പെടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നുള്ളത് പാലിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/5.9.24) മറുപടി ലഭ്യമാക്കിട്ടില്ല.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് തക്കതായ വിശദീകരണം ലഭ്യമാകേണ്ടതാണ്.

1-29 മരാമത്ത് പ്രവൃത്തി - കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയില്ല.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടിവരുന്ന സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. (കരാറിൽ മറ്റ് വ്യവസ്ഥകൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല) ഈ സർക്കുലർ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവിന് ശേഷമുള്ള ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ പ്രത്യേക കാരണങ്ങളില്ലാതെ നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ ഇപ്രകാരം കരാറുകാരനിൽ നിന്നും പിഴ [3%-(1+2)] ഈടാക്കിയിട്ടില്ല. (പ്രദ്ധതി പൂർത്തികരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഫയലിൽ

സൂക്ഷിച്ചിട്ടില്ല)

<table>
<tr><td colspan="2">പ്രൊജക്ട് : ബസ് സ്റ്റാന്റ് ഓട നിർമ്മാണം (No. 149/23-24),
നിർവ്വഹണം-അസിസ്റ്റന്റ് എഞ്ചിനീയർ</td></tr>
<tr><td>അടങ്കൽ തുക</td><td>₹1500000/-
₹1000000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്
₹500000-തനത് ഫണ്ട്</td></tr>
<tr><td>Agr.No:62/AE/LSGD/NDKM/22-23
Dated 16.03.2023</td><td>പിഴ ഇനത്തിൽ ഈടാക്കേണ്ട തുക</td></tr>
<tr><td>എസ്റ്റിമേറ്റ് നമ്പർ.8707/23-24
സാങ്കേതിക അനുമതി തുക. 34256/23-24-₹1499400/-</td><td rowspan="8">[Ie, 25.07.23 To 24.10.23 (1%PAC₹12706/-) 25.10.23 To 01.01.24 (2%PAC= ₹25412/-)
ആകെ ഈടാക്കേണ്ട പിഴപലിശ 3% =₹38118/- (12706+25412)</td></tr>
<tr><td>അളവ് പുസ്തകം: E-MBook</td></tr>
<tr><td>PAC:₹1270658/-
മൂല്യനിർണ്ണയം:₹1498844/-</td></tr>
<tr><td>Vr.No: തുക-തീയതി-22301387/27.2.24/₹931912/-</td></tr>
<tr><td>സൈറ്റ് കൈമാറിയത്: 26.03.2023</td></tr>
<tr><td>പൂർത്തീകരിക്കേണ്ട തിയ്യതി: 24.07.2023 =120 ദിവസം(കരാർ പ്രകാരം)</td></tr>
<tr><td>പൂർത്തീകരിച്ച തിയ്യതി: 01.01.2024</td></tr>
<tr><td>കരാറുകാരൻ: സജിമോൻ പി</td></tr>
</table>

പിഴ ഇനത്തിൽ ഈടാക്കേണ്ട തുക കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചത് ക്രമ പ്രകാരമല്ല. പിഴ തുക ₹38118/- കരാറുകാരനിൽ നിന്നും ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.30/6.9.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക കരാറുകാരനിൽ നിന്ന് ഈടാക്കാത്ത പക്ഷം യഥാസമയം പിഴ ഈടാക്കാതിരുന്ന നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-30 ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല

ഇ- ടെണ്ടറിന്റെ ഭാഗമായി 2023-24 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് 149 പ്രോജക്ടുകളിലായി ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച വരവ് തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് പൂർണ്ണമായി ക്രഡിറ്റ് ചെയ്യാതെ അസി. എഞ്ചിനീയറുടെ പേരിൽ നെടുംകണ്ടം എസ്.ബി.ഐ.യിലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ- 42306043571) സൂക്ഷിച്ചിരിക്കുകയാണ്. അക്കൗണ്ടിൽ 16.03.2024 ന് 1,46,455/-രൂപ ഈയിനത്തിൽ അവശേഷിക്കുന്നുണ്ടെന്ന് കാണുന്നു. ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ടിൽ ദീർഘ കാലം പണം സൂക്ഷിക്കുന്നത് ക്രമ പ്രകാരമുള്ള നടപടിയല്ല. ഇത്തരത്തിൽ പണം സൂക്ഷിക്കുന്നതിനാൽ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ടി- തുക പ്രതിഫലിച്ചിട്ടില്ല. മാത്രമല്ല കറന്റ് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നതിനാൽ ഗ്രാമ പഞ്ചായത്തിന് പലിശയിനത്തിൽ വരവ് നഷ്ടം വരികയും ചെയ്യുന്നു. തുക പൂർണ്ണമായി തനത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-31 മഴക്കാലപൂർവ്വ ശുചീകരണത്തിനായി ₹739260/- ക്രമവിരുദ്ധമായി ചെലവഴിച്ചു.

നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് മുൻവർഷങ്ങളിലെ മഴക്കാലത്ത് വിവിധ വാർഡുകളിലെ തോടുകളിലും ജലാശയങ്ങളിലും വന്നടിഞ്ഞ കല്ലും മണ്ണും ചളിയും നീക്കം ചെയ്യുന്നതിന് യാതൊരു നടപടിക്രമങ്ങളും പാലിക്കാതെ ജെ.സി.ബി./ഹിറ്റാച്ചി പ്രവർത്തിച്ചതിന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരം തുക ചെലവഴിച്ചിരിക്കുന്നു. ഇതിനായി പ്രോജക്റ്റ് ഏറ്റെടുക്കുകയോ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തുകയോ ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യാതെയാണ് തുക ചെലവഴിച്ചിരിക്കുന്നത്.

ക്രമ നം.	വൌച്ചർ നം./ തീയതി	തുക (₹)	റിമാർക്സ്
1	223000058/13.04.2023	71840	8,9 വാർഡുകളിൽ പാറാർ പഞ്ചായത്ത് തോട്, ചെക്ക് ഡാം എന്നിവയിൽ കഴിഞ്ഞ മഴക്കാലത്ത് വന്നടിഞ്ഞ കല്ലും മണ്ണും നീക്കം ചെയ്തത് (മേരികൃൻ എർത്ത് മൂവേഴ്സ്, നെടുങ്കണ്ടം എന്ന സ്ഥാപനത്തിന് ഹിറ്റാച്ചി വാടക അനുവദിച്ചത്)
2	22300111/27.04.2023	40160	ചക്കക്കാനം സർവ്വീസ് സ്റ്റേഷൻ പടി മുതൽ ഹോളി ക്രോസ് സ്കൂൾ പടി

			വരെയുള്ള തോട്ടിലെ മണ്ണം ചളിയും നീക്കിയത്. (മേരികൃൻ എർത്ത് മൂവേഴ്സ്, നെട്ടുങ്കണ്ടം എന്ന സ്ഥാപനത്തിന് ഹിറ്റാച്ചി വാടക അനുവദിച്ചത്.)
3	22300109/27.04.2023	57920	പടിഞ്ഞാറേക്കവല ജീവമാതാപടി മുതൽ ചക്കക്കാനം നേതാജി നഗർ കോളനി വരെയുള്ള പഞ്ചായത്ത് തോട്ടിലെ മണ്ണം ചളിയും നീക്കം ചെയ്തത്. (മേരികൃൻ എർത്ത് മൂവേഴ്സ്, നെട്ടുങ്കണ്ടം എന്ന സ്ഥാപനത്തിന് ഹിറ്റാച്ചി വാടക അനുവദിച്ചത്.)
4	22300101/26.04.2023	45600	പഞ്ചായത്ത് തോടുകളിലെ കാടും മണ്ണം ചളിയും ആളുകളെ ഉപയോഗിച്ച് വൃത്തിയാക്കിയതിന്റെ പണിക്കൂലി ഇനത്തിലുള്ള ചെലവ്. (മസ്റ്റർറോൾ പ്രകാരം)
5	22300085/18.04.2023	62280	8,9 വാർഡുകളിൽപ്പെടുന്ന പാലാർ ചെക്ക് ഡാമിലെ മണ്ണം കല്ലും നീക്കം ചെയ്തതും 13-ാം വാർഡിലെ മുണ്ടിയെരുമ മുസ്ലീംപള്ളി തോട് നികന്ന് പോയത് ഹിറ്റാച്ചി ഉപയോഗിച്ച് നീക്കം ചെയ്തത്. (മേരികൃൻ എർത്ത് മൂവേഴ്സ്, നെട്ടുങ്കണ്ടം എന്ന സ്ഥാപനത്തിന് ഹിറ്റാച്ചി വാടക അനുവദിച്ചത്.)
6	22300079/18.04.2023	76620	കിഴക്കേക്കവല മുസ്ലീംപള്ളി തോട്, പടിഞ്ഞാറേക്കവല എസ്.എൻ.ഡി.പി. തോട്, കേജീസ് ജ്വല്ലറിപ്പടി തോട്, ഐ.എച്ച്.ആർ.ഡി. പടി തോട് എന്നിവിടങ്ങളിലെ മണ്ണം ചളിയും നീക്കം ചെയ്തത്. (മേരികൃൻ എർത്ത് മൂവേഴ്സ്, നെട്ടുങ്കണ്ടം എന്ന സ്ഥാപനത്തിന് ഹിറ്റാച്ചി വാടക അനുവദിച്ചത്.)
7	22300146/04.05.2023	39200	മുണ്ടിയെരുമ മുസ്ലീംപള്ളിപ്പടി തോട്, കിഴക്കേക്കവല ശ്രീകൃഷ്ണ സ്വാമി ക്ഷേത്രംപടി ആതിര ലോഡ്ജ് വരെയുള്ള ഭാഗത്ത് തോട്ടിലെ മാലിന്യങ്ങൾ ആളുകളെ ഉപയോഗിച്ച് നീക്കം ചെയ്തത്. (മസ്റ്റർറോൾ പ്രകാരം)
8	22300162/ 12.05.2023	42700	17-ാം വാർഡിൽ ചക്കക്കാനം ആട്ടുപാറ ചെക്ക് ഡാമിലെ മണ്ണം ചളിയും നീക്കം ചെയ്തത്. (മേരികൃൻ എർത്ത് മൂവേഴ്സ്, നെട്ടുങ്കണ്ടം എന്ന സ്ഥാപനത്തിന് ഹിറ്റാച്ചി വാടക അനുവദിച്ചത്.)
9	22300161/ 12.05.2023	59560	നെഴ്സിംഗ് കോളേജ് പടി ആട്ടുപാറ പഞ്ചായത്ത് തോട്ടിലെ മണ്ണം ചളിയും നീക്കം ചെയ്തത്. (മേരികൃൻ എർത്ത് മൂവേഴ്സ്, നെട്ടുങ്കണ്ടം എന്ന

			സ്ഥാപനത്തിന് ഹിറ്റാച്ചി വാടക അനുവദിച്ചത്)
10	22300164/ 04.04.2023	56820	ഹോളിക്രോസ് പടി മുതൽ നേഴ്സിംഗ് കോളേജ് പടി വരെയുള്ള പഞ്ചായത്ത് തോട്ടിലെ മണ്ണും ചളിയും നീക്കം ചെയ്തത്. (മേരിക്യൂൻ എർത്ത് മൂവേഴ്സ്, നെടുങ്കണ്ടം എന്ന സ്ഥാപനത്തിന് ഹിറ്റാച്ചി വാടക അനുവദിച്ചത്)
11	22300148/ 04.05.2023	53140	17-ാം വാർഡിൽ ചക്കക്കാനം ഹോളിക്രോസ് പടി, പറമ്പത്ത് പടി ഭാഗത്തുള്ള പഞ്ചായത്ത് തോട്ടിലെ മണ്ണും ചളിയും നീക്കം ചെയ്തത്. (മേരിക്യൂൻ എർത്ത് മൂവേഴ്സ്, നെടുങ്കണ്ടം എന്ന സ്ഥാപനത്തിന് ഹിറ്റാച്ചി വാടക അനുവദിച്ചത്)
12	22300300/02.06.2023	49040	തുക്കുപാലം ബിവറേജസ് പടി മുതൽ പഞ്ചായത്ത് ബസ്റ്റാന്റ് വരെയുള്ള ഭാഗത്തെ തോട്ടിലേക്ക് ഇടിഞ്ഞുവീണ മണ്ണ ചളിയും നീക്കം ചെയ്തത്. (മേരിക്യൂൻ എർത്ത് മൂവേഴ്സ്, നെടുങ്കണ്ടം എന്ന സ്ഥാപനത്തിന് ഹിറ്റാച്ചി വാടക അനുവദിച്ചത്)
		44380	ആട്ടുപാറ സുപ്രങ്കട പഞ്ചായത്ത് തോട്ടിലെ മണ്ണും ചളിയും നീക്കിയത്. 22300300/02.06.2023
13	22300254/03.06.2023	24000	ആതിര ലോഡ്ജ് പടി മുതൽ സിനിമാക്സ് തീയറ്റർ പടി വെരയുള്ള തോട്ടിലെ മണ്ണും ചളിയും ആളുകളെ നിർത്തി നീക്കം ചെയ്തത്. (മസ്റ്റർ റോൾ പ്രകാരം)
14	22300251/ 06.06.2023	16000	സിനിമാക്സ് തീയറ്റർ പടി മുതൽ മാരിയൻ ലോഡ്ജ് പടി വരെയുള്ള പഞ്ചായത്ത് തോട്ടിലെ ചളിയും മണ്ണും ആളുകളെ നിർത്തി നീക്കം ചെയ്തത്. (മസ്റ്റർ റോൾ പ്രകാരം)
	ആകെ	739260	

സ്വകാര്യ സ്ഥാപനത്തിന്റെ മണ്ണ് നീക്കം ചെയ്യുന്ന ഹിറ്റാച്ചി പ്രവൃത്തിപ്പിച്ചതിന്റെ ബിൽ ഒഴികെ മേൽ പ്രവൃത്തി നിർവ്വഹിച്ചതാണെന്ന് ബോദ്ധ്യപ്പെടുന്ന സാക്ഷ്യപ്പെടുത്തലുകളോ എൻജിനീയറിംഗ് വിഭാഗത്തിന്റെ അളവ് രേഖപ്പെടുത്തലുകളോ ഇല്ലാതെയാണ് സെക്രട്ടറി ₹739260/- ചെലവഴിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് വലിയ വെള്ളപ്പൊക്ക ദുരിത ബാദ്ധ്യത പ്രദേശം അല്ലാത്തതിനാൽ മുൻവർഷങ്ങളിലെ മഴക്കാലത്ത് വിവിധ ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചളിയും നീക്കം ചെയ്യുന്ന പ്രവൃത്തി അപ്രതീക്ഷിതമോ, അടിന്തരമോ അല്ലാതിരുന്നിട്ടും യാതൊരു നടപടിക്രമവും പാലിക്കാതെ മേൽ തുക ചെലവഴിച്ചതിന് വിശദീകരണം

ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് 05.09.2024 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 23 ന് യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. പൊതു പണം കൈകാര്യം ചെയ്തതിൽ ഗുരുതരവും കുറ്റകരവുമായ അപാകത സംഭവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ ഭരണസമിതി സ്വീകരിക്കുന്നത് ഉചിതമായിരിക്കും. ചെലവ് തുക ₹739260/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-32 ബേഡ്മെട്ട് മാലിന്യ പ്ലാന്റിൽ മാലിന്യം നീക്കം ചെയ്യുന്നതിന് നടപടിക്രമം പാലിക്കാതെ പണം ചെലവഴിച്ചിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ ഖരമാലിന്യ സംസ്കരണ കേന്ദ്രമായ ബേഡ്മെട്ട് മാലിന്യ പ്ലാന്റിൽ മാലിന്യം ടോറസ് ലോറിയിൽ കയറ്റി കൊണ്ടുപോകുന്നതിന് മാലിന്യം ഇളക്കി മാറ്റുന്നതിനായി താഴെ പറയും പ്രകാരം ₹438020/- ഹിറ്റാച്ചി വാടക ഇനത്തിൽ ചെലവഴിച്ചിരിക്കുന്നു.

ക്രമ നം.	വൌച്ചർ നം. / തീയതി	തുക (₹)	റിമാർക്സ്
1	22300057/ 13.04.2023	45720	മേരിക്യൂൻ എർത്ത് മൂവേഴ്സ്, നെടുങ്കണ്ടം എന്ന സ്ഥാപനത്തിന് ഹിറ്റാച്ചി വാടക അനുവദിച്ചത്.
2	22300191/18.05.2023	77640	മഹാരാജ എർത്ത് മൂവേഴ്സ്, നെടുങ്കണ്ടം എന്ന സ്ഥാപനത്തിന് ഹിറ്റാച്ചി വാടക അനുവദിച്ചത്.
3	22300171/ 18.05.2023	129640	സെന്റ് ജോസഫ് എർത്ത് മൂവേഴ്സ്, നെടുങ്കണ്ടം എന്ന സ്ഥാപനത്തിന് ഹിറ്റാച്ചി വാടക അനുവദിച്ചത്.
4	22300172/ 18.05.2023	185020	സെന്റ് ജോസഫ് എർത്ത് മൂവേഴ്സ്, നെടുങ്കണ്ടം എന്ന സ്ഥാപനത്തിന് ഹിറ്റാച്ചി വാടക അനുവദിച്ചത്.
	ആകെ	438020	

മേൽ പ്രവൃത്തി നിർവ്വഹിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയോ, എൻജിനീയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പ്രവൃത്തി ചെയ്തതിന് അളവ് രേഖപ്പെടുത്തുകയോ ഹിറ്റാച്ചി ഉപയോഗിക്കുന്നതിന് ടെണ്ടർ നടപടിയോ ഇല്ലാതെയാണ് സെക്രട്ടറി ₹438020/- ചെലവഴിച്ചിട്ടുള്ളത്. നടപടി ക്രമം പാലിക്കാതെ പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 05.05.2024 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 25 ന് മറുപടി ലഭ്യമാക്കിയില്ല. ക്രമവിരുദ്ധമായി പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചതിന് വിജിലൻസ് അന്വേഷണം ഉൾപ്പെടെയുള്ള തുടർ നടപടികൾക്ക് ശുപാർശ

ചെയ്യുന്നു. ചെലവ് തുക ₹438020/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-33 തെരുവ് വിളക്കുകൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കാതെ വൈദ്യുതി ചാർജ് ഒടുക്കുന്നു

ഗ്രാമ പഞ്ചായത്തിൽ തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ് ഒടുക്ക് വരുത്തുന്ന നിരവധി കൺസ്യൂമർ നമ്പറിലുള്ള ബില്ലുകളിൽ വൈദ്യുതി ഉപഭോഗം ഇല്ലായെന്ന് രേഖപ്പെടുത്തുകയും മിനിമം തുക ഒടുക്ക് വരുത്തുകയും ചെയ്യുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്തുത തെരുവ് വിളക്കുകൾ പ്രവർത്തനക്ഷമമാണ് എന്ന് ഉറപ്പാക്കാതെയാണ് തുക അനുവദിക്കുന്നത് എന്ന് വ്യക്തമാണ്.

ക്രമ നം.	കൺസ്യൂമർ നമ്പർ	ബിൽ നം./തീയതി	പ്രാരംഭ റീഡിംഗ്	അവസാന റീഡിംഗ്	ബിൽ തുക
1	1157237012522	5723230601856/01.06.2023	175	175	83
2	1157237012531	5723230601866/01.06.2023	225	225	83
3	1157237012519	5723230601876/01.06.2023	61	61	83
4	1157236012523	5723230601869/01.06.2023	260	260	83
5	1157238008698	5723230601825/01.06.2023	0	0	83
6	1157238012517	5723230601877/01.06.2023	233	233	83
7	1157239012528	5723230601858/01.06.2023	319	319	83

ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 05.05.2024 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.22 ന് മറുപടി ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകളും ഷോപ്പിംഗ് കോംപ്ലക്സുകളും കമ്മ്യൂണിറ്റി ഹാളുകളും അംഗൻവാടികളും ഉൾപ്പെടെ ഏകദേശം 350 കൺസ്യൂമർ നമ്പരുകൾ നിലവിൽ ഉണ്ടെന്നും ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. തെരുവ് വിളക്കുകളുടെ പ്രവർത്തനക്ഷമത ഒരു സംയുക്ത പരിശോധനയിലൂടെ ഉറപ്പാക്കുകയും ഉപേക്ഷിക്കപ്പെട്ടതും കാലഹരണപ്പെട്ടതുമായ തെരുവ് വിളക്കുകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഒഴിവാക്കിയും വൈദ്യുതി ചാർജ് ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-34 ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് കുടിശ്ശിക തുക അനുവദിച്ചതിൽ അവ്യക്തത

ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് 07.08.2023 ൽ 2018-19, 2020-21 വർഷത്തെ കുടിശ്ശിക തുക ₹184972/- നൽകിയതായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത ചെലവിന് വൌച്ചർ നമ്പർ

രേഖപ്പെടുത്തിയിട്ടില്ല. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ചെക്ക് നമ്പർ 3255 പ്രകാരം തുക നൽകിയെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത തുകയ്ക്കുള്ള സാധനങ്ങൾ ലഭിച്ചിരുന്നു എന്ന് പരിശോധിച്ച് ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല ടി ചെലവ് തുക യഥാസമയം അക്കൌണ്ട് ചെയ്തതായി കാണുന്നില്ല. ടി ചെലവിന്റെ വൌച്ചർ നമ്പർ തീയതി എന്നിവയും ഡിമാന്റ് തുകയ്ക്കുള്ള സാധനങ്ങൾ ലഭിച്ചത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 06.09.2024 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 33 ന് മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ₹184972/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-35 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല.

പദ്ധതി നമ്പർ	46/24
നിർവ്വഹണം	സെക്രട്ടറി
പദ്ധതിയുടെ പേര്	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
ഫണ്ടിനം	വികസന ഫണ്ട് - റോഡിതരം
അടങ്കൽ/ചെലവ്	₹150000/150000
ബിൽ റഫറൻസ് നമ്പർ/തീയതി/തുക	23100452012900544911/12.09.2023, ₹150000/-

മേൽ പദ്ധതി പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ₹150000/- കേരള ഹോമിയോപതിക് കോപ്പറേറ്റീവ് സൊസൈറ്റിക്ക് (ഹോംകോ) നൽകിയിട്ടുണ്ട്. എന്നാൽ 12.02-2014 ഇൻവോയിസ് പ്രകാരം ₹75518/- യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന ₹44482/- ടെ മരുന്നുകൾ കൂടി ലഭ്യമാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

1-36 മാലിന്യ പ്ലാന്റിൽ അഗ്നിസുരക്ഷാ സംവിധാനം ഒരുക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം	സെക്രട്ടറി
അടങ്കൽ	₹480000/-
ഫണ്ട്	തനത് ഫണ്ട്
പ്രോജക്റ്റ് നം	122/24
വൗച്ചർ നം.	22300372/01.07.2023- 467623/-

മാലിന്യ സംസ്കരണ പ്ലാന്റിൽ ഫയർ ഫൈറ്റിംഗ് ആന്റ് ഫയർ അലാം സിസ്റ്റം സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ 30.03.2023 ലെ നമ്പർ A1- 101/23 ടെണ്ടർ പരസ്യം നടത്തി. ആയതിന് മൂന്ന് ടെണ്ടറുകൾ ലഭിച്ചതിൽ നിരക്കിൽ കുറവ് രേഖപ്പെടുത്തിയ 'ഊർജ്ജം കട്ടപ്പന' എന്ന സ്ഥാപനം ഫയർ ഫൈറ്റിംഗ് സിസ്റ്റം

സ്ഥാപിച്ചതായി കാണുന്നു. പദ്ധതി നടത്തിപ്പിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1. ക്ഷമതയുള്ള അധികാരി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ല അടങ്കൽ തുക വകയിരുത്തി ടെണ്ടർ നടപടി സ്വീകരിച്ചിരിക്കുന്നത്. കൃത്യമായ സ്പെസിഫിക്കേഷൻ, എണ്ണം എന്നിവ രേഖപ്പെടുത്താതെ, സ്ഥാപിക്കേണ്ട ഇനങ്ങളും അടങ്കൽ തുകയും മാത്രം ഉൾപ്പെടുത്തിയാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്. കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ ടെണ്ടറിൽ മത്സരം നടന്നതായി കാണുന്നില്ല. മറ്റ് രണ്ട് സ്ഥാപനങ്ങളുടെ ടെണ്ടറുകൾ കൂടി ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കുന്നതിനുള്ള മുദ്രപത്രം പോലും ലഭ്യമാക്കിയിട്ടില്ല. കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലെങ്കിലും പങ്കെടുത്ത മൂന്ന് സ്ഥാപനങ്ങളും ഒരേ രീതിയിലുള്ള സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയ ടെണ്ടർ വിശദാംശങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിരക്കിൽ മാത്രമാണ് വ്യത്യാസം. സമർപ്പിച്ച എല്ലാ ടെണ്ടറിലും 25 ഇനങ്ങൾ ഉൾപ്പെടുന്നു. മാത്രമല്ല അക്ഷരത്തെറ്റുകൾ പോലും ഒരേ രീതിയിൽ വന്നിരിക്കുന്നു. ടെണ്ടർ പരസ്യത്തിൽ കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതിരുന്നിട്ടും എല്ലാ സ്ഥാപനങ്ങളും ഒരേ സ്പെസിഫിക്കേഷൻ തന്നെ രേഖപ്പെടുത്തിയത് ടെണ്ടറുകൾ സമർപ്പിച്ചത് ഒരേ വ്യക്തിയാണോ എന്ന സംശയം ജനിപ്പിക്കുന്നു.

2. 'ഊർജ്ജം കട്ടപ്പന' എന്ന സ്ഥാപനമാണ് പദ്ധതി നാടപ്പാക്കിയതെങ്കിലും സ്ഥാപനത്തിന് രേഖാമൂലം ടെണ്ടർ ഉറപ്പിച്ച് കൊടുക്കുകയോ കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല.

3. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് കൃത്യമായ മോണിട്ടറിംഗ് നടത്തിയിട്ടില്ല. പി. ഡബ്ല്യു. ഡി. ഇലക്ട്രിക്കൽ വിഭാഗം/ എൽ.എസ്.ജി.ഡി ഇലക്ട്രിക്കൽ വിഭാഗം എന്നിവർ വാല്യുവേഷൻ നടത്തിയിട്ടില്ല. ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് നെടുംകണ്ടം അസി. സ്റ്റേഷൻ മാസ്റ്ററുടെ 03.06.2023-ലെ സി.നമ്പർ 18/2023(2) കത്ത് പ്രകാരം താഴെ സൂചിപ്പിക്കുന്ന ഇനങ്ങൾ സ്ഥാപിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

Hydrant Valve	5 Nos
Hose Reel	5 Nos
Hose Box	5 Nos
RRH Hose	5 Nos
Ordinary Branch	5
Motor	7.5 Hp

Springler	45 Nos
DCP 4Kg	5 Nos
FBI	1 Nos

സമർപ്പിച്ച ടെണ്ടറിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ ഉപകരണങ്ങളും സ്ഥാപിച്ചിട്ടില്ല എന്ന് മേൽ സർട്ടിഫിക്കറ്റിൽ നിന്ന് വ്യക്തമാകുന്നു.

മാത്രമല്ല 'ഊർജ്ജം കട്ടപ്പന' സ്ഥാപിച്ച ഉപകരണങ്ങൾ ടെണ്ടറിൽ സൂചിപ്പിച്ച കമ്പനികളുടേത്/നിലവാരമുള്ളത് എന്ന് ക്ഷമതയുള്ള അധികാരി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.ഇത്തരം സാക്ഷ്യപത്രമില്ലാതെ തന്നെ ടെണ്ടറിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ ഉപകരണങ്ങളും സ്ഥാപിച്ചതിന്റെ തുക പൂർണ്ണമായി നൽകിയിരിക്കുന്നു.

4. ഈ പദ്ധതിക്കായി തയ്യാറാക്കിയിരിക്കുന്ന ബിൽ പ്രകാരം ₹480000/- മാറിയിരിക്കുന്നു. ഇൻകം ടാക്സ് ഇനത്തിൽ ₹4109/-, ജിഎസ് ടി ഇനത്തിലുള്ള ₹8218/- യുടെയും വൗച്ചർ നമ്പർ വിവരങ്ങൾ ഫയലിൽ നിന്ന് വ്യക്തമല്ല.

പദ്ധതികളിലെ അപാകതകൾ സംബന്ധിച്ച് വിശദ പരിശോധനക്കായി സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ പദ്ധതി പ്രദേശം നേരിട്ട് സന്ദർശനം നടത്തി. ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് നെടുംകണ്ടം അസി. സ്റ്റേഷൻ മാസ്റ്ററുടെ കത്ത് പ്രകാരമുള്ള ഇനങ്ങൾ കൂടാതെ ടെണ്ടറിൽ ഉൾപ്പെട്ടിരിക്കുന്ന വിവിധ വലുപ്പത്തിലുള്ള ജി.ഐ. പൈപ്പുകളും സ്ഥാപിച്ചിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെട്ടു. എന്നാൽ ടെണ്ടറിൽ ഉൾപ്പെട്ടിരുന്ന ജിൻഡാൽ കമ്പനിയുടെ പൈപ്പാണ് ഇവയെന്ന് ഉറപ്പാക്കാനായില്ല. പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കേണ്ടിയിരുന്ന ഫയർ അലാം, കേബിൾ, പി വി. സി കണ്ടൾട്ട്, ഓട്ടോ ഗ്ലോ ടൈപ്പ് സിഗ്നേജസ് എന്നിവ സ്ഥാപിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെടുകയും സെക്രട്ടറി ഇക്കാര്യം രേഖാമൂലം എഴുതിത്തരുകയും ചെയ്തു. ആയതിനാൽ സ്ഥാപിക്കാത്ത ഇനങ്ങൾക്ക് ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നതും നൽകിയതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ടെണ്ടർ പ്രകാരമുള്ള ഇനം നമ്പർ	ഇനം	നിരക്ക്
18	ഫയർ അലാം	12204
19	ഫയർ അലാം കേബിൾ	5760
20	പി വി. സി കണ്ടൾട്ട്	2440
22	ഓട്ടോ ഗ്ലോ ടൈപ്പ് സിഗ്നേജസ്	2478

	ആകെ	22882/-

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നമ്പർ 7/04.09.2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്ഥാപിക്കാത്ത ഇനങ്ങളുടെ ചെലവ് ₹22882/- അംഗീകരിക്കുന്നില്ല.

മറ്റ് അപാകതകളുടെ അടിസ്ഥാനത്തിൽ ₹444741/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37 ക്രിമറ്റോറിയം തുക നൽകൽ- ആസ്തി സംരക്ഷണത്തിലെ അപാകത

നിർവ്വഹണം	സെക്രട്ടറി
പ്രോജക്ട് നം.	115/2024
അടങ്കൽ	2800000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്- ₹2400000/-, തനത് ഫണ്ട്-₹400000/-)
വൗച്ചർ നമ്പർ	31.03.2024/₹864577/- (ബിൽ രജിസ്റ്റർ പൂർത്തിയാക്കാത്തതിനാൽ വൗച്ചർ നമ്പർ ലഭ്യമല്ല. എന്നാൽ സുലേഖ പത്രിക പ്രകാരം തൻ വർഷം തുക ചെലവഴിച്ചിരിക്കുന്നു.)

ആസ്തിരജിസ്റ്റർ പ്രകാരം യുണീക് ഐ.ഡി 158910050000000003 നമ്പരായി ₹1900000/- മതിപ്പ് ചെലവുള്ള ഗ്യാസ് ക്രിമിറ്റോറിയം 2009-ൽ തന്നെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുണ്ട്. നിർമ്മിച്ച് ഉദ്ഘാടനം നടത്തുക മാത്രമാണ് ചെയ്തിരിക്കുന്നത്. വർഷങ്ങളോളം യാതൊരുവിധ മെയിന്റനൻസും നടത്താത്തതുമൂലം ക്രിമിറ്റോറിയം നശിച്ചു പോയിരിക്കുന്നു. ഗ്രാമപഞ്ചായത്ത് ജീവനക്കാർ, മെമ്പർമാർ എന്നിവരിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് ഇതിൽ സംസ്കരിച്ചത് ഒരു വ്യക്തിയെ മാത്രം ആണ്. മാറി മാറി വന്ന ഭരണ സമിതികൾ പഞ്ചായത്തിന്റെ സമഗ്ര വികസനം മുന്നിൽകണ്ട് പ്രവർത്തിക്കുകയും യഥാസമയം മെയിന്റനൻസ് നടത്തുകയും ചെയ്തിരുന്നുവെങ്കിൽ സംരക്ഷിക്കാമായിരുന്ന ആസ്തിയാണ് കെടുകാര്യസ്ഥത മൂലം നശിച്ചുപോകാനിടയായത്.

2022-23 വർഷം 30 ലക്ഷം രൂപ അടങ്കലിൽ ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിനായി പുതിയ പദ്ധതി തയ്യാറാക്കുകയും ആ വർഷം തന്നെ നിർവ്വഹണ ഏജൻസിയായ കോസ്റ്റ് ഫോർഡിന് ₹700000/- മുൻകൂറായി കൈമാറുകയും ചെയ്തിരുന്നു. തൻവർഷം 10 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചപ്പോൾ പുതുതായി ക്രെമിറ്റോറിയം നിർമ്മിക്കുന്നതിനായി ₹864577/- കൂടി നൽകിയിട്ടുണ്ട്. പുതിയ ഗ്യാസ് ക്രിമിറ്റോറിയത്തിനായി മുൻപുണ്ടായിരുന്ന കെട്ടിടം പോലും പൊളിച്ചുകളയേണ്ടി വന്നു.

ആസ്തി രജിസ്റ്റർ പ്രകാരമുള്ള ക്രിമിറ്റോറിയത്തിന്റെ അവസ്ഥയെന്തായിരുന്നു എന്നും ആയത് മൂലം

പൊതുജനങ്ങൾക്ക് എന്ത് സേവനം ലഭിച്ചു എന്നും വ്യക്തമാക്കുന്നതിനും ഇത്തരത്തിൽ ചെലവ് നടത്താനുണ്ടായ കാരണം വ്യക്തമാക്കുന്നതിനുമായി ഓഡിറ്റ് അന്വേഷണം നമ്പർ 35/06.09.2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പൊതുപണത്തിന്റെ പാഴ്ച്ചെലവ് ഒഴിവാക്കുന്നതിനും ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-38 B-17 പത്രികയിലെ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്തത്.

2023-24 -ലെ വാർഷിക പത്രികയിലെ ബി-17 പ്രകാരം താഴെ പറയുന്ന ബാങ്ക് അക്കൌണ്ടുകൾ തനത് ഫണ്ട് അക്കൌണ്ടായോ നിഷ്ക്രിയ അക്കൌണ്ടുകളായോ നിലനിർത്തിയിരിക്കുന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ബാങ്ക് അക്കൌണ്ട്	31.03.2024-ലെ നീക്കിയിരിപ്പ്
UBI -891	4907178
SBI – Own Fund – 6902	1744242
Kerala Gramin Bank -7292	645619
IDCB -002	1664008
IDCB- 1200002	51813
IDCB- 001	81336
Other Co-Op Bank 2054	1250
Co-Op Bank Own Revenue	332074
SCB -6820	556
SCB – 1623	5483581
Other Co-Op Bank (7943)	16102

മേൽ പരാമർശിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളിൽ ഇനം തിരിച്ചുള്ള തുകയുടെ (ഏത് പദ്ധതിയ്ക്കായി ലഭിച്ചത്) വിശദാംശങ്ങൾ ലഭ്യമല്ല. ഇവയിൽ തനത് ഫണ്ട് അക്കൌണ്ടുകൾ ഏതൊക്കെയെന്നും വ്യക്തമല്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം. 68725/എഫ്.എം. 3/2008/തസ്വഭവ തീയതി. 28.05.2011 നിർദ്ദേശപ്രകാരം തനത്ഫണ്ട് വരുമാനങ്ങൾ നിക്ഷേപിക്കുന്നതിന് ട്രഷറി അക്കൌണ്ടിനു പുറമെ ഒരു ദേശസാൽകൃത /സഹകരണ ബാങ്ക് അക്കൌണ്ടുകൾ നിഷ്ക്രിയമായ അക്കൌണ്ടുകളുണ്ടെങ്കിൽ ആയതും ക്രമീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 31/06.09.2024- ന് മറുപടി ലഭ്യമാക്കിയില്ല.

1-39 വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ

കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനാ രൂപീകരണം നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ചിലയിടങ്ങളിൽ ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. ഹരിതകർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച 15/07/2017 ലെ 2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ പറയും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യമുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ പ്രഥമലക്ഷ്യം.

ഗ്രാമ പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യചുമതലകളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടെയും നേരിട്ടുള്ള പരിശോധനയുടെയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു .

ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ

വിസ്തീർണ്ണം	71.95 ച.കി.മി
വാർഡുകൾ	22
ജനസംഖ്യ	41980
ഓരോ വാർഡിലും ആൾ താമസമുള്ള വീടുകളുടെ എണ്ണം	1976
ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം	33

ഹരിത കർമ്മ സേനാംഗങ്ങൾ മാലിന്യവസ്തുക്കൾ ശേഖരിച്ച് പഞ്ചായത്തിലെ വിവിധ വാർഡുകളിലായി സ്ഥാപിച്ചിട്ടുള്ള ഏഴ് മിനി എം.സി.എഫ്. കളിലേക്ക് എത്തിക്കുകയും അവിടെ നിന്നും മെയിൻ എംസിഎഫ് ൽ എത്തിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. യഥാസമയം മാലിന്യം നീക്കം ചെയ്യുന്നുണ്ട്.

ഹരിതകർമ്മസേനയുടെ അടിസ്ഥാനവിവരങ്ങൾ

വാർഡ്	ഹരിതകർമ്മ സോനാംഗങ്ങൾ
1	-
2	1
3	1
4	1
5	2
6	2
7	2
8	2
9	1
10	2
11	2
12	2
13	1
14	2
15	2
16	1
17	1
18	2
19	1
20	1
21	2
22	2
ആകെ	33

മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ

മാലിന്യ ശേഖരണത്തിന് പ്രത്യേക കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. അത് പ്രകാരമാണ് മാലിന്യങ്ങൾ ശേഖരിക്കപ്പെടുന്നത്. എല്ലാ ഭവനങ്ങളെയും മാലിന്യ വിമുക്തതയിൽ ഉൾപ്പെടുത്തുന്നതിന് QR Code സംവിധാനം നടപ്പാക്കി വരുന്നു. ഫലപ്രധാനമായ രീതിയിൽ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. വാർഡുകളുടെ വിസ്തീർണ്ണവും മിനി എം. സി. എഫുകളുടെ എണ്ണത്തിലെ അപര്യാപ്തതയും മാലിന്യം നീക്കം ചെയ്യുന്നതിന്റെ കാര്യക്ഷമതയെ ബാധിക്കുന്നുണ്ട്. സെഗ്രിഗേഷൻ ചെയ്ത മാലിന്യം ക്ലീൻ കേരള കമ്പനിക്ക് നൽകുന്നു. എന്നാൽ ക്ലീൻകേരള കമ്പനിയുടെ മാലിന്യ നീക്കം ഫലപ്രദമായ രീതിയിലല്ല. തരം തിരിക്കാത്ത മാലിന്യം മാലിന്യ നീക്കം ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്താത്തതുമൂലം മാലിന്യ നീക്കത്തിൽ കമ്പനിയുമായി തർക്കം നിലനിൽക്കുന്നു.

മാലിന്യം വേർതിരിക്കൽ

ഗ്രാമപഞ്ചായത്തിൽ ഉണ്ടാകുന്ന മാലിന്യത്തിന്റെ 50% ഉറവിടത്തിൽ തന്നെ വേർ തിരിക്കുന്നു എന്നാണ് അറിയിച്ചിരിക്കുന്നത്. പ്ലാസ്റ്റിക് അജൈവ മാലിന്യം തരംതിരിക്കുന്നു. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കുവാൻ പ്രോത്സാഹന പരിപാടികൾ സ്വീകരിച്ചിട്ടില്ല. പാതയോരങ്ങളിലും പൊതു സ്ഥലങ്ങളിലും ബിന്നുകൾ സ്ഥാപിച്ചിട്ടില്ല. എം. എസി. എഫ് ൽ ബെയിലിംഗ് മെഷീൻ ഉണ്ട്.

സാമൂഹിക അവബോധം സൃഷ്ടിക്കൽ

ഹരിത കർമ്മ സേനാംഗങ്ങൾ വാതിൽപ്പടി സേവനം നടത്തുന്ന സമയത്ത് മാലിന്യ സംസ്കരണത്തെക്കുറിച്ച് ബോധവൽക്കരണം നടത്താറുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

നെടുംകണ്ടം ഗ്രാമ പഞ്ചായത്തിൽ 22 വാർഡുകളിലായി 33 ഹരിതകർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ₹10000/- നും ₹20000/- നും ഇടയിൽ മാസ വരുമാനം ലഭിക്കുന്നുണ്ട്. വയബിലിറ്റിക് ഗ്യാപ്പ് ഉണ്ട് ഉപയോഗിക്കുന്നില്ല. അംഗങ്ങളുടെ വരുമാന വർദ്ധനവിനായി തുമ്പൂർമൂഴിമോഡൽ മാലിന്യ നിർമ്മാർജ്ജനയൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വളം വിതരണത്തിന് സജ്ജമായിട്ടില്ല.

നെടുംകണ്ടം ഗ്രാമപഞ്ചായത്തിൽ സ്വന്തം വാഹനത്തിലാണ് മിനി എം.സി.എഫ് ൽ നിന്ന് എം. സി. എഫ്. കളിലേക്ക് അജൈവമാലിന്യങ്ങൾ എത്തിക്കുന്നത്. ഹരിത കർമ്മ സേനയുടെ ഓഫീസ് എം.സി.എഫിൽ തന്നെ സജ്ജീകരിച്ചിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം

പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിച്ച 11 വ്യക്തികളിൽ നിന്നായി ₹129000/-പിഴ ഈടാക്കിയിട്ടുണ്ട്. നിരോധിത ഉൽപ്പന്നങ്ങളുടെ ഉപയോഗം തടയുന്നതിനായി പഞ്ചായത്ത് തല സ്ക്വാഡ് പരിശോധന നടത്തുന്നുണ്ട്. കൂടാതെ ബോധവത്ക്കരണ ക്യാമ്പയിൻ നടത്തുന്നുണ്ട്. നിരത്തുകളിൽ നിന്നും മാലിന്യം തള്ളുന്നത് സംബന്ധിച്ച് 9 പരാതികൾ ലഭിച്ചിട്ടുണ്ട്.

ഹരിത കർമ്മ സേനയുടെ പ്രവർത്തനം

നെടുംകണ്ടം ഗ്രാമപഞ്ചായത്തിലെ 22 വാർഡുകളിലായി 33 ഹരിത കർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മാസത്തിൽ ഒരു പ്രാവശ്യം വീതം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് താൽക്കാലിക മിനി എം.സി.എഫ്.കളിൽ സൂക്ഷിക്കുന്നുണ്ട് ഇതിലേക്ക് ആകെ 22 മിനി എം.സി.എഫ് ക്രമീകരിച്ചിട്ടുണ്ട് മിനി എം.സി.എഫ്.കളിൽ നിന്നും മാസത്തിൽ ഒരു പ്രാവശ്യം എന്ന രീതിയിൽ ഈ മാലിന്യങ്ങൾ ബേഡ് മെട്ടിലുള്ള എം.സി.എഫ്./മാലിന്യ നിർമ്മാജ്ജന പ്ലാന്റിലേയ്ക്ക് കൊണ്ടുപോകുന്നു. ഇതിനായി പഞ്ചായത്ത് സ്വന്തംവാഹനം ഉപയോഗിക്കുന്നു. എം.സി.എഫിൽ എത്തിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനരുപയോഗ സാധ്യമായതും അല്ലാത്തതും ആയി തരം തിരിച്ച് സൂക്ഷിക്കുന്നു. മാലിന്യ നീക്കത്തിന് പഞ്ചായത്തുമായി കരാർ വെച്ചിട്ടുള്ള ക്ലീൻ കേരള കമ്പനിക്കാണ് ഓഡിറ്റ് കാലയളവിൽ ഈ മാലിന്യങ്ങൾ നൽകി വന്നിട്ടുള്ളത്. നിലവിൽ ഫൈസൽ കട്ടപ്പന എന്ന വ്യക്തിക്കാണ് മാലിന്യങ്ങൾ നൽകിവരുന്നത്.

ഹരിത കർമ്മ സേനാംഗങ്ങൾക്ക് യൂസർ ഫീ ഇനത്തിൽ 10000/- രൂപയിൽ അധികം വരുമാനം ലഭിക്കുന്നുണ്ട്. ഇതുകൂടാതെ അവർ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ സ്ക്രാപ്പുകൾ അവരവർ തന്നെ സ്വന്തം നിലയിൽ പ്രാദേശികമായി വില്പന നടത്തുന്നു.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി

എല്ലാ വാർഡിലും 1 മിനി എം സി എഫ് വീതവും ബേഡ് മെട്ടിൽ ഒരു മെയിൻ എംസിഎഫും പ്രവർത്തിക്കുന്നു. റോഡ് സൗകര്യങ്ങൾ ഉണ്ട്. ഏരിയ സ്റ്റോറേജ് ഏരിയ സോർട്ടിങ് ഏരിയ മെഷിനറി ഏരിയ ശുചിമുറി എന്നിവയും ക്രമീകരിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും മാസത്തിൽ ഒരു തവണ ശേഖരിക്കുന്ന മാലിന്യങ്ങൾ എല്ലാ മാസവും മിനി എംസിഎഫിൽ നിന്നും എത്തിക്കുന്നുണ്ട്

മാലിന്യ സംഭരണ ശേഷി

കൈകാര്യം ചെയ്യുന്നതിന് അനുസൃതമായ എംസിഎഫ് ഉണ്ട്. അജൈവ മാലിന്യങ്ങൾ രണ്ടുമാസത്തേക്ക്

സൂക്ഷിക്കാൻ സാധിക്കും. എംസിഎഫിന്റെ ആകെ വിസ്തൃതിയിൽ ടിപ്പിംഗ് ഏരിയ 15% സ്റ്റോറേജ് ഏരിയ 25% സോർട്ടിംഗ്ഏരിയ 20% മിഷനറി ഏരിയ 10% അന്തിമ സംഭരണ ഏരിയ 30% എന്നിവ നിലവിലുണ്ട്. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ മാലിന്യം ഇനം തിരിക്കുന്ന തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉൾപ്പെടുന്ന മാലിന്യ സംസ്കരണ പ്രോട്ടോകോൾ സുരക്ഷ നടപടികൾ സ്വീകരിച്ചുവരുന്നു.

ദുർഗന്ധവും കീടങ്ങളെയും തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. 2024-25-ൽ മാലിന്യം സ്വീകരിക്കുന്നതിന് ഫൈസൽ കട്ടപ്പന എന്ന വ്യക്തിയുമായി കരാറിൽ ഏർപ്പെട്ട് യഥാസമയം മാലിന്യം കൈമാറി വരുന്നു. ഹരിത കർമ സേന മുഖേന ശുചിത്വ പരിപാലനം മെച്ചപ്പെടുത്തുവാൻ ഹരിത കർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം നിശ്ചിത ശമ്പളം ഏർപ്പെടുത്താവുന്നതാണ്.

<u>നിരീക്ഷണങ്ങൾ</u>

1. ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഹരിത കർമ്മസേന മുഖേന നടപ്പിലാക്കാവുന്നതാണ്.

2. നിത്യോപയോഗ സാധനങ്ങളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സ്വാപ്പ് ഷോപ്പുകൾ ആരംഭിയ്ക്കുന്നത് ലെഗസിയുടെ അളവ് കുറയ്ക്കാൻ സഹായകരമാകും.

3. റിജക്റ്റ് മാലിന്യശേഖരണത്തിനു കൂടി യൂസർ ഫീസ് ഉൾപ്പെടുത്തി പരിഷ്കരിച്ച ബൈലാ പുനർ നോട്ടിഫൈ ചെയ്യാവുന്നതാണ്.

4. മാലിന്യം മൂലം ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച വ്യാകുലതകളെപറ്റിയും മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതിലൂടെയുള്ള അന്തഃസത്തയും സ്കൂൾ തലങ്ങളിൽ തന്നെ അവബോധം സൃഷ്ടിക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്താവുന്നതാണ്.

5. ഗ്രാമപഞ്ചായത്തിലെ സന്നദ്ധ യുവജന സംഘടനകൾ, എൻ.എസ്.എസ് വാളണ്ടിയേഴ്സ്, മർച്ചന്റ് അസ്സോസിയേഷൻ, ഘടക സ്ഥാപനങ്ങൾ, സ്കൂൾ – കോളേജ് വിദ്യാർത്ഥികൾ തുടങ്ങിയവ മുഖാന്തിരം ക്ലീനിങ്ങ് ഡ്രൈവുകൾ നടത്താവുന്നതാണ്.

6. മാലിന്യ മുക്ത നവകേരള പ്രതിജ്ഞ, ശുചിത്വ സന്ദേശ പ്രചാരണം, വീടുകൾ കയറിയുള്ള ബോധവൽക്കരണം എന്നിവയും മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മുട്ടക്കോഴി വിതരണം - സബ്സിഡി മാർഗരേഖയിൽ അധികരിച്ച് സബ്സിഡി നൽകി - നഷ്ടം ₹25950/-

പദ്ധതി നം	315/2024
പദ്ധതിയുടെ പേര്	വനിതകൾക്ക് മുട്ടക്കോഴി വിതരണം
നിർവ്വഹണം	വെറ്ററിനറി സർജൻ
ഫണ്ടിനം	വികസന ഫണ്ട് ജനറൽ
അടങ്കൽ/ ചെലവ്	വികസന ഫണ്ട് - 900000/337350
	ഗുണഭോക്തൃ വിഹിതം - 75000/0

മേൽ പദ്ധതി പ്രകാരം താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം തുക മാറി നൽകിയിട്ടുണ്ട്.

ക്രമ നം	ബിൽ നം, തുക	സ്ഥാപനം	ഇൻവോയിസ് നം	എണ്ണം	വില (ഒന്നിന്) ₹ (ബിൽ പ്രകാരം)	ആകെ₹	നൽകിയ തുക₹
1	23100452010201511048/ 25-3-24, ₹ 97500	പ്രിയ പൗൾട്രി ഫാം	131/16-3-24	750	140	105000	97500
2	23100452010201511042/ 25-3-24, ₹ 97500/-	പ്രിയ പൗൾട്രി ഫാം	80/14-3-24	750	130	97500	97500
3	23100452010201528245/ 25-3-24, ₹ 142350/	വെള്ളാംകണ്ടത്തിൽ ഫാം	85/21-3-24	1095	130	142350	142350
ആകെ				2595			

സർക്കാർ ഉത്തരവ് (കൈ) നം. 115/2022/LSGD തീയതി 28-5-2022 പ്രകാരം 5 കോഴിക്കുഞ്ഞുങ്ങൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിന്റെ വില ₹ 600/- (ഒന്നിന് ₹120/-) ആണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ഒരു കോഴിക്കുഞ്ഞിന് ₹10/- അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (1/3-9-2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികം നൽകിയ തുകയായ ₹25950/- (2595*10) നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3-2 മാലിന്യ പ്ലാന്റിൽ അഗ്നിസുരക്ഷാ സംവിധാനം ഒരുക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

.

നിർവ്വഹണം	സെക്രട്ടറി
അടങ്കൽ	₹480000/-

ഫണ്ട്	തനത് ഫണ്ട്
പ്രോജക്ട് നം	122/24
വൗച്ചർ നം.	22300372/01.07.2023- 467623/-

മാലിന്യ സംസ്കരണ പ്ലാന്റിൽ ഫയർ ഫൈറ്റിംഗ് ആന്റ് ഫയർ അലാം സിസ്റ്റം സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ 30.03.2023 ലെ നമ്പർ A1- 101/23 ടെണ്ടർ പരസ്യം നടത്തി. ആയതിന് മൂന്ന് ടെണ്ടറുകൾ ലഭിച്ചതിൽ നിരക്കിൽ കുറവ് രേഖപ്പെടുത്തിയ 'ഊർജ്ജം കട്ടപ്പന' എന്ന സ്ഥാപനം ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചതായി കാണുന്നു. പദ്ധതി നടത്തിപ്പിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1. ക്ഷമതയുള്ള അധികാരി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ല അടങ്കൽ തുക വകയിരുത്തി ടെണ്ടർ നടപടി സ്വീകരിച്ചിരിക്കുന്നത്. കൃത്യമായ സ്പെസിഫിക്കേഷൻ, എണ്ണം എന്നിവ രേഖപ്പെടുത്താതെ, സ്ഥാപിക്കേണ്ട ഇനങ്ങളും അടങ്കൽ തുകയും മാത്രം ഉൾപ്പെടുത്തിയാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്. കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ ടെണ്ടറിൽ മത്സരം നടന്നതായി കാണുന്നില്ല. മറ്റ് രണ്ട് സ്ഥാപനങ്ങളുടെ ടെണ്ടറുകൾ കൂടി ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കുന്നതിനുള്ള മുദ്രപത്രം പോലും ലഭ്യമാക്കിയിട്ടില്ല. കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലെങ്കിലും പങ്കെടുത്ത മൂന്ന് സ്ഥാപനങ്ങളും ഒരേ രീതിയിലുള്ള സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയ ടെണ്ടർ വിശദാംശങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിരക്കിൽ മാത്രമാണ് വ്യത്യാസം. സമർപ്പിച്ച എല്ലാ ടെണ്ടറിലും 25 ഇനങ്ങൾ ഉൾപ്പെടുന്നു. മാത്രമല്ല അക്ഷരത്തെറ്റുകൾ പോലും ഒരേ രീതിയൽ വന്നിരിക്കുന്നു. ടെണ്ടർ പരസ്യത്തിൽ കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതിരുന്നിട്ടും എല്ലാ സ്ഥാപനങ്ങളും ഒരേ സ്പെസിഫിക്കേഷൻ തന്നെ രേഖപ്പെടുത്തിയതിൽ നിന്ന് ടെണ്ടറുകൾ സമർപ്പിച്ചത് ഒരേ വ്യക്തിയാണോ എന്ന സംശയം ജനിപ്പിക്കുന്നു.

2. 'ഊർജ്ജം കട്ടപ്പന' എന്ന സ്ഥാപനമാണ് പദ്ധതി നാടപ്പാക്കിയതെങ്കിലും സ്ഥാപനത്തിന് രേഖാമൂലം ടെണ്ടർ ഉറപ്പിച്ച് കൊടുക്കുകയോ കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല.

3. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് കൃത്യമായ മോണിട്ടറിംഗ് നടത്തിയിട്ടില്ല. പി ഡബ്ല്യു ഡി ഇലക്ട്രിക്കൽ വിഭാഗം/ എൽ.എസ്.ജി.ഡി ഇലക്ട്രിക്കൽ വിഭാഗം എന്നിവർ വാല്യുവേഷൻ നടത്തിയിട്ടില്ല. ഫയർ ആന്റ് റെസ്ക്യു വകുപ്പ് നെടുംകണ്ടം അസി. സ്റ്റേഷൻ മാസ്റ്ററുടെ 03.06.2023-ലെ സി.നമ്പർ 18/2023(2) കത്ത് പ്രകാരം താഴെ സൂചിപ്പിക്കുന്ന ഇനങ്ങൾ സ്ഥാപിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

Hydrant Valve	5 Nos

Hose Reel	5 Nos
Hose Box	5 Nos
RRH Hose	5 Nos
Ordinary Branch	5
Motor	7.5 Hp
Springler	45 Nos
DCP 4Kg	5 Nos
FBI	1 Nos

സമർപ്പിച്ച ടെണ്ടറിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ ഉപകരണങ്ങളും സ്ഥാപിച്ചിട്ടില്ല എന്ന് മേൽ സർട്ടിഫിക്കറ്റിൽ നിന്ന് വ്യക്തമാകുന്നു.

മാത്രമല്ല 'ഊർജ്ജം കട്ടപ്പന' സ്ഥാപിച്ച ഉപകരണങ്ങൾ ടെണ്ടറിൽ സൂചിപ്പിച്ച കമ്പനികളുടേത്/നിലവാരമുള്ളത് എന്ന് ക്ഷമതയുള്ള അധികാരി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.ഇത്തരം സാക്ഷ്യപത്രമില്ലാതെ തന്നെ ടെണ്ടറിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ ഉപകരണങ്ങളും സ്ഥാപിച്ചതിന്റെ തുക പൂർണ്ണമായി നൽകിയിരിക്കുന്നു.

4. ഈ പദ്ധതിക്കായി തയ്യാറാക്കിയിരിക്കുന്ന ബിൽ പ്രകാരം ₹480000/- മാറിയിരിക്കുന്നു. ഇൻകം ടാക്സ് ഇനത്തിൽ ₹4109/-, ജിഎസ് ടി ഇനത്തിലുള്ള ₹8218/- യുടെയും വൗച്ചർ നമ്പർ വിവരങ്ങൾ ഫയലിൽ നിന്ന് വ്യക്തമല്ല.

പദ്ധതികളിലെ അപാകതകൾ സംബന്ധിച്ച് വിശദ പരിശോധനക്കായി സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ പദ്ധതി പ്രദേശം നേരിട്ട് സന്ദർശനം നടത്തി. ഫയർ ആന്റ് റെസ്ക്യു വകുപ്പ് നെടുംകണ്ടം അസി. സ്റ്റേഷൻ മാസ്റ്ററുടെ കത്ത് പ്രകാരമുള്ള ഇനങ്ങൾ കൂടാതെ ടെണ്ടറിൽ ഉൾപ്പെട്ടിരിക്കുന്ന വിവിധ വലുപ്പത്തിലുള്ള ജി.ഐ. പൈപ്പുകളും സ്ഥാപിച്ചിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെട്ടു. എന്നാൽ ടെണ്ടറിൽ ഉൾപ്പെട്ടിരുന്ന ജിൻഡാൽ കമ്പനിയുടെ പൈപ്പാണ് ഇവയെന്ന് ഉറപ്പാക്കാനായില്ല. പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കേണ്ടിയിരുന്ന ഫയർ അലാം, കേബിൾ, പി വി. സി കണ്ടക്ട്, ഓട്ടോ ഗ്ലോ ടൈപ്പ് സിഗ്നേജസ് എന്നിവ സ്ഥാപിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെടുകയും സെക്രട്ടറി ഇക്കാര്യം രേഖാമൂലം എഴുതിത്തരുകയും ചെയ്തു. ആയതിനാൽ സ്ഥാപിക്കാത്ത ഇനങ്ങൾക്ക് ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നതും നൽകിയതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ടെണ്ടർ പ്രകാരമുള്ള ഇനം നമ്പർ	ഇനം	നിരക്ക്

18	ഫയർ അലാം	12204
19	ഫയർ അലാം കേബിൾ	5760
20	പി വി. സി കണ്ടൾട്ട്	2440
22	ഓട്ടോ ഗ്ലോ ടൈപ്പ് സിഗ്നേജസ്	2478
	ആകെ	22882/-

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നമ്പർ 7/04.09.2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്ഥാപിക്കാത്ത ഇനങ്ങളുടെ ചെലവ് ₹22882/- അംഗീകരിക്കുന്നില്ല.

മറ്റ് അപാകതകളുടെ അടിസ്ഥാനത്തിൽ ₹444741/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2023-24 വർഷത്തെ സംയുക്ത പദ്ധതി ഇനത്തിലെ വരവ് – ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക ₹	പ്രൊജക്ടിന്റെ പേര്	ചെലവ് ₹	ബാലൻസ് ₹
ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്	390000	ലൈഫ് മിഷൻ-ജനറൽ (229/24)	390000	0
	280000	ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (10/24)	280000	0
ആകെ	67000			
ഇടുക്കി ജില്ലാ പഞ്ചായത്ത്	3560000	ലൈഫ് മിഷൻ - എസ് സി (226/24)	3560000	0
	910040	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (324/24)	910040	0
	480000	ലൈഫ് മിഷൻ എസ് സി പി (58/24)	480000	0
	100000	സുവർണ്ണഭവനം (225/24)	100000	0
	420000	ലൈഫ് ഭവനപദ്ധതി ജനറൽ (229/24)	420000	0
	300000	ഭിന്നശേഷിക്കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (10/24)	300000	0

ആകെ	5770040			

4-2 നിക്ഷേപ പ്രവൃത്തികൾ

2023-24 വർഷത്തിൽ താഴെ പറയും പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി തുക കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിട്ടുണ്ട്. തൻവർഷം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നീക്കിയിരിപ്പ് വിവരം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ക്രമ നം.	പ്രോജക്ടിന്റെ പേര്	അടച്ച തുക, ബിൽ നം/വൗച്ചർ നം.
1	ഇൻഡോർ സ്റ്റേഡിയം ട്രാൻസ്ഫോമർ സ്ഥാപിക്കൽ- പ്രോജക്ട് നം.21/24 ഫണ്ട്- തനത് ഫണ്ട്	₹731555/- തീ.10/08/2023
2	പുന്നക്കവല റോഡിലെ ഇലക്ട്രിക് പോസ്റ്റ് നീക്കം ചെയ്യൽ പ്രോജക്ട് നം.248/24	₹48979/- 23100452012900429848/10.08.2023

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും ധനകാര്യ പത്രിക ആസ്പദമാക്കിയുള്ള വിശദ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നം./ തീയതി	ലഭിച്ച വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക₹	തൻ വർഷം ലഭിച്ച വായ്പ ₹	തൻവർഷം തിരിച്ചടച്ച തുക ₹		വായ്പ / വായ്പാ തിരിച്ചടവ് വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക₹
					മുതൽ	പലിശ	
ജവഹർ ഭവന പദ്ധതി	സ.ഉ (ആർ.റ്റി) 1577/2015	40000000	12,000,000	0	1900000	0	10100000

	ത.സ്വ.ഭ.വ തീയതി 27.5.15						
ലൈഫ് ഭവന പദ്ധതി	സ.ഉ (കൈ) 88/2020/ ത.സ്വ.ഭ.വ	130567156	47,990,063	6063248	9575008	0	44478303

തൻവർഷം ലൈഫ് ഭവന പദ്ധതികൾക്കായി KURDFC-യിൽ നിന്നും ₹6063248/- വായ്പയെടുത്തതായി വാർഷിക ധനകാര്യ പത്രികയിൽ (RP-31) രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക RP-31-ൽ KURDFC വായ്പ എന്ന അക്കൗണ്ട് ഹെഡിൽ (330500201) 3,393,968.00, HUDCO വായ്പ എന്ന ഹെഡിൽ (330500202) 2,669,280.00 ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷ വായ്പ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. വായ്പ രജിസ്റ്റർ പൂർണ്ണമല്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.3/04-09-2024 -ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വാർഷികകണക്കിലെ വിവരങ്ങളാണ് മേൽ പത്രികയിൽ ചേർത്തിരിക്കുന്നത്.

4-5 സ്ഥിര നിക്ഷേപം

വാർഷികകണക്കിലെ B-12 പത്രിക (420700101) പ്രകാരം 2023-24-ൽ ആകെ 24005396 നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്ററും രേഖകളും അപൂർണ്ണമായതിനാൽ നിക്ഷേപ വിവരങ്ങളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.27/5.9.24- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷികകണക്ക്, ലഭ്യമായ രേഖകൾ, മുൻ ഓഡിറ്റ് റിപ്പോർട്ട് എന്നിവ പ്രകാരമുള്ള വിവരങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	നിക്ഷേപിച്ച തീയതി	Due Date	കാലയളവ്	Int %	തുക ₹	സർട്ടിഫിക്കറ്റ് നം.	അപാകതകൾ
1	ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	29.3.2023	29.03.2025	2 വർഷം	6	500000	402	പുതുക്കി നിക്ഷേപിച്ച 5,00,000/-
2		24.3.2023	24.03.2025	2 വർഷം	6	2000000	395	പുതുക്കി നിക്ഷേപിച്ച 20,00,000/-
3	ഇടുക്കി ജില്ലാ ഡീലേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	30.03.2021	30.03.2022	1 വർഷം	6.75	538750	3999	നിക്ഷേപം പുതുക്കിയിട്ടില്ല.
4		30.03.2021	30.03.2022	1 വർഷം	6.75	104770	3998	
5		30.03.2021	30.03.2022	1 വർഷം	6.75	370660	4000	

6		30.03.2022	30.03.2023	1 വർഷം	7	120554	195656	
7		14.12.2022	14.06.2023	6മാസം	6.75	1000000	196206	
8		20.01.2022	20.01.2023	91 Days	6.5	1000000	196066	
9	ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	16.03.2022	16.04.2023	1 വർഷം	6	1000000	291	
10		13.01.2021	13.01.2024	3 വർഷം	6	500000	94	
11		02.08.2022	02.08.2023	1 വർഷം	6	1220503	247	
12		31.03.2022	31.04.2023	1 വർഷം	6	134570	295	
13		31.1.2023	31.01.2024	1 വർഷം	6	1500000	372	
14		20.7.2022	20.08.2023	13മാസം	6	1000000	336	
15		15.12.2022	15.12.2023	1 വർഷം	6	51871	363	
16		20.7.2022	20.08.2023	13മാസം	6	1500000	335	
17	നെടുങ്കണ്ടം സർവീസ് സഹകരണ ബാങ്ക്	30.03.2023	29.03.2024	1 വർഷം	8.75	1500000	1031400100010162	
18		14.7.2022	14.07.2023	1 വർഷം	7	1000000	103140010009919	
19	നെടുങ്കണ്ടം അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	31.03.2022	31.03.2023	1വർഷം	8.5	851000	549/2020	
20		15-12-2022	15.12.2023	1വർഷം	8.25	195998	408/23/1	
21	എഴുകും വയൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	30.03.2022	30.03.2023	1 വർഷം	8	1177782	74400	
	ലഭ്യമായ സർട്ടിഫിക്കറ്റ് പ്രകാരമുള്ള ആകെ തുക					17266458		
22	ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി			19.04.2022	1 വർഷം	600000	213	സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമായില്ല
23	ബാലഗ്രാം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്			--	--	5000000	8489	
24	ബാലഗ്രാം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്			--	--	2500000	2351	
25	നെടുങ്കണ്ടം സർവീസ് സഹകരണ ബാങ്ക്			31.03.2022	1 വർഷം	2000000	102140010009813	
26	നെടുങ്കണ്ടം സർവീസ്			07.01.2022	1	1138938	103140010008350	

	സഹകരണ ബാങ്ക്				വർഷം			
27	നെടുങ്കണ്ടം സർവീസ് സഹകരണ ബാങ്ക്			11-8-2022	1 വർഷം	1000000	103140010009933	
	സർട്ടിഫിക്കറ്റുകൾ ലഭ്യമാകാത്തവ - ആകെ തുക					12238938		
	ആകെ നിക്ഷേപം (മുന്നിരിപ്പ്)					29505396		
	തൻവർഷം നിക്ഷേപിച്ച തുക (ട്രയൽ ബാലൻസ് പ്രകാരം - അക്കൗണ്ട് ഹെഡ്-420700101)					7499000		നിക്ഷേപ വിവരങ്ങൾ ലഭ്യമല്ല
	തൻവർഷം പിൻവലിച്ച തുക (ട്രയൽ ബാലൻസ് പ്രകാരം - അക്കൗണ്ട് ഹെഡ്-420700101)					2000000		പിൻവലിക്കൽ വിവരങ്ങൾ ലഭ്യമല്ല
	ആകെ നീക്കിയിരിപ്പ് നിക്ഷേപം (വാർഷികകണക്കിലെ B-12 പത്രിക - 420700101)					24005396		

മേൽ അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകളും രേഖകളും കൃത്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4-6 ഓഡിറ്റ് റിക്കവറി -

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2000-01	33	2003-04	3.6.1	മണ്ണിര കമ്പോസ്റ്റ് - ജൈവവള വിതരണം	
2000-01	34	2003-04	3.6.1	ഹ്രസ്വകാല കൃഷിക്കുള്ള സബ്സിഡി	
2002-03	3-12	2005-06	2.32.1	കാർഷിക പദ്ധതികളിൽ ധനാപഹരണം ₹3.16 ലക്ഷം നഷ്ടം	

2002-03	3-13	2005-06	2.32.2	കൃഷി ഓഫീസർ വൗച്ചറുകൾ ഹാജരാക്കിയില്ല	
2003-04	2-1	2006-07	2.35.7	നിയമപരമായ രജിസ്റ്ററുകൾ ഹാജരാക്കിയില്ല	
	3-3		പൊതുപരാമർശം	വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല	
	3-7		പൊതുപരാമർശം		
	3-11		പൊതുപരാമർശം		
	3-12		പൊതുപരാമർശം		
	3-17		പൊതുപരാമർശം		
2005-06	2-4	2009-10	2.6	ഗ്രാമ പഞ്ചായത്ത് കടമുറികൾ നഷ്ടം ₹50,787/-	
2012-13		2014-15	4.1.4	വിഷയാധിഷ്ഠിത അവലോകനം (നിഷ്ക്രിയാസ്തികൾ)	
2015-16	2-3	2016-17	അനുബന്ധം 4	വസ്തുനികുതി അപാകതകൾ	

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി)	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി)	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക	അവശേഷിക്കുന്ന തുക/ ബാധ്യത	റിമാർക്ക്സ്
				നമ്പരും തീയതിയും	തുക			ഉൾപ്പെട്ട തുക	ഈടാക്കിയ തുക			
1	2	3	4	5	6	7	8	9	10	11	12	13

1	1996-97	31	ബി. ചെല്ലമ്മ	LF 25505/ SC2/99 Dt.18.11.19	42382						42382	
2	1996-97	34	ബി. ചെല്ലമ്മ	LF.25505/ Spl.Cell/SC1/ 99(4) Dt.15.01.02	2022						2022	
3	1997-98	25,26,31	ജി. ശിവരാജൻ, സെക്രട്ടറി	LF 24527/ Sc2/00 Dt. 16/09	1394				0		1394	
4	2000-01	39, 40	വി. എസ് മുഹമ്മദ്, സെക്രട്ടറി	Lf 18107/03 Dt.17.04.2004	9722				0		9722	
5	2000-01	33	ബാബു, അറ്റൻഡർ, കൃഷി ഓഫീസ്	LF 18107/03 DT.31/03/04	96250				0		96250	

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	₹2,88,40,509/-
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹ 8,64,75,666/-
ആകെ	₹11,53,16,175/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹8,50,25,626/-
നീക്കിയിരിപ്പ്	₹3,02,90,549/-
(കുറിപ്പ് :- 2023--24 ലെ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്)	
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹48832/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹5479620/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

	നഷ്ടമായ തുക	₹	
ഖണ്ഡിക നം.	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	-	₹25950	ഡോ. അരുൺ പ്രസാദ്, വെറ്ററിനറി സർജൻ
3-2	--	₹22882/-	ശ്രീ എ.വി.അജികുമാർ, സെക്രട്ടറി
ആകെ		48832	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	3070000	ശ്രീ. സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി
1-24	602627	ഡോ. വിഷ്ണു മോഹൻ-മെഡിക്കൽ ഓഫീസർ- (പി.എച്ച്.സി)
1-31	739260	ശ്രീ. എ.വി. അജികുമാർ, സെക്രട്ടറി
1-32	438020	ശ്രീ. എ.വി. അജികുമാർ, സെക്രട്ടറി
1-34	184972	ശ്രീ. സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി
1-36, (3-2)	444741	ശ്രീ. എ.വി. അജികുമാർ, സെക്രട്ടറി
ആകെ	5479620	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം

ശ്രീ. എ.വി.അജികുമാർ	സെക്രട്ടറി, കവളങ്ങാട് ഗ്രാമ പഞ്ചായത്ത്	സാരംഗി ഹൌസ്, എടപ്പോൺ, ഐരാണികുടി പി.ഒ., മാവേലിക്കര, ആലപ്പുഴ ജില്ല.
ശ്രീ. സുനിൽ സെബാസ്റ്റ്യൻ	സെക്രട്ടറി, നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത്	നരിക്കുഴിയിൽ വീട്, ചേമ്പളം പി.ഒ., നെടുങ്കണ്ടം, ഇടുക്കി
ഡോ. അരുൺ പ്രാസാദ്, വെറ്ററിനറി സർജൻ	വിരമിച്ചു	പൊത്തക്കള്ളി, കൈലാസനാട് പി.ഒ. ഉടുമ്പൻചോല
ഡോ. വിഷ്ണു മോഹൻ-മെഡിക്കൽ ഓഫീസർ-(പി.എച്ച്.സി)	മെഡിക്കൽ ഓഫീസർ-(പി.എച്ച്.സി) നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത്	വിഷ്ണു ഭവൻ, താന്നിമൂട്, നെടുംകണ്ടം പി.ഒ ഇടുക്കി

4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്ക്സ്
1996-97	KSA-IDK-12/847/18 Dt.30.4.18	2	31, 34
1997-98	KSA-IDK-12/847/18 Dt.30.4.18	3	25, 26, 31
1998-99	KSA-IDK-12/847/18 Dt.30.4.18	1	22-C
1999-2000	KSA-IDK-12/847/18 Dt.30.4.18	2	39, 40
2000-01	KSA-IDK-12/847/18 Dt.30.4.18	10	21B, 22A, 22B, 23, 24, 32, 33, 34, 39, 40
2001-02	KSA-IDK-12/847/18 Dt.30.4.18	8	2-1A, 2-1D, 2-10, 2-11, 2-14, 2-15, 2-16, 2-17
2002-03	KSA-IDK-12/847/18 Dt.30.4.18	8	2-6, 3-4, 3-9, 3-10, 3-11 A, 3-11 B, 3-12, 3-13
2003-04	KSA-IDK-12/847/18 Dt.30.4.18	6	2-5, 3-5, 3-7, 3-11, 3-12,

			3-17
2004-05	KSA-IDK-12/847/18 Dt.30.4.18	2	2-12, 3-12
2005-06	KSA-IDK-12/847/18 Dt.30.4.18	4	2-4,3-8,3-12,3-15
2006-07	LFI-12/1014/11 Dt.07.05.12	29	2-1 മുതൽ 2-10, 3-1 മുതൽ 3-19 വരെ
2007-08	LFI-12/168/11 Dt.3.01.12	28	2-1 മുതൽ 2-6, 3-1 മുതൽ 3-22 വരെ
2008-09	LFI-12/643/13 Dt.	24	2-1 A മുതൽ 2-5, 3-1 മുതൽ 3-16 വരെ
2009-10	LFI-12/886/12 Dt.12.4.13	18	2-1 മുതൽ 2-3, 3-1 മുതൽ 3-15 വരെ
2010-11	LFI-12/1234/14 Dt.24.01.15	17	2-1, 2-2, 3-1 മുതൽ 3-15 വരെ
2011-12	KSA-IDK-12/765/15 Dt.5.10.15	8	2-1, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6
2012-13	KSA-IDK-12/993/15 Dt.19.10.15	13	2-1, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9
2013-14	KSA-IDK-12/674/15 Dt.26.10.15	18	2-1 മുതൽ 2-5, 3-1 മുതൽ 3-13 വരെ
2014-15	KSA-IDK-12/1402/16	5	2-2, 2-3, 2-5, 3-1, 3-2
2015-16	KSA-IDK-12/648/17 Dt.31.08.17	7	2-1, 2-3, 3-1, 3-2, 3-3, 3-4, 3-5
2016-17	KSA-IDK-12/1555/17	7	2-1, 2-2, 2-3, 3-1, 3-2, 3-3, 3-4

2017-18	KSA-IDK-12/1178/18 Dt.24.1018	12	2-1 മുതൽ 2-5 വരെയും 3-1 മുതൽ 3-7 വരെയും
2018-19	KSA-IDK-12/859/20 Dt.11.12.2020	6	2-1, 2-2, 3-1 മുതൽ 3-4 വരെയും
2019-20	കെ എസ് എ ഐ ഡി കെ 12-1230/2021/ 03/03/2022	34	1-1 മുതൽ 1-31 വരെയും 2-1 ,3-1 ,3-2
2020-21	കെ.എസ്.എ.- ഐ.ഡി.കെ.-12-1231-2021/04/03/2022	44	1-1 മുതൽ 1-40 വരെയും 2-1, 2-2, 3-1, 3-2
2021 -22	കെ.എസ്.എ.- ഐ.ഡി.കെ.- പി6-348/23/29.4.2023	56	1-1 മുതൽ 1-37 വരെ 3-1, 3-2
2022-23	കെ.എസ്.എ.ഐ.ഡി.കെ.പി.6-1136/2023 / 22/12/2023	41	1-1-1 മുതൽ 1-1-8 വരെ 1-4-1, 1-8-1, 1-9 മുതൽ 1-39 വരെ 3-1, 3-2

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 3 dated 29-06-2024 and submitted on 02-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Nedumkandam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Nedumkandam Grama Panchayat as on 31-03-2024

Date: 02/11/2024 Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of Nedumkandam Grama Panchayat for the Year 2023-2024.

1.Major Observations

1. Non inclusion of notes to accounts in financial statements and non disclosure of material facts.

2. Non disclosure of assets. Asset register is not comprehensive and uptodate.

2.Other Observations

1. Cash flow statement. Net increase/ decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

2. Lapse in making timely and accurate demand entries in respect of tax and non tax revenue.

3. Lack of authenticated journal vouchers for supporting the adjustment entries recorded.

4. Expenditure of CFC Grant (Tied), (Untied) are not included in Annual Financial Statement.

5. Loan amount details does not properly accounted.

6. Expenditure incurred under financial help for widow's daughter marriage does not tally with the actual amount.

7. Fixed Deposit Cerificates have not been submited for audit.

8. Account details of Co-Operative Bank Account in terms of own Revenue Fund is not submit for audit.

9. Details of Deposit works are not included in Balance Sheet.

10. Depreciation amount exceeds the actual value of Asset.

11. Balance amount of HDCO Loan recorded under B17 Schedule does not included in B4 Schedule of Balance sheet.

12 Balance amounts in respect of Jalanidhi, CFC etc. recorded under B17 schedule varies from B4 Schedule of Balance Sheet.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്